കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

# വാർഷിക റിപ്പോർട്ട്

## 2018-2019

# കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

## വാർഷിക റിപ്പോർട്ട് 2018-2019

### 1. ആമുഖം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് - സി.പി.സി.ആർ ആക്റ്റ്) പ്രകാരം രൂപവത്ക്കരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ 2013 ജൂൺ മൂന്നിനാണ് പ്രവർത്തനം ആരംഭിച്ചത്. കമ്മീഷന്റെ നാലാമത്തെ വാർഷിക റിപ്പോർട്ടാണിത്.

മേൽപ്പറഞ്ഞ കേന്ദ്രനിയമത്തിലെ 13-ാം വകുപ്പ്, 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 എന്നിവയിലാണ് കമ്മീഷന്റെ കർത്തവ്യങ്ങളും ചുമതലകളും നിഷ്കർഷിച്ചിട്ടുള്ളത്. ഇവയ്ക്കനുസൃതമായ രീതിയിൽ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോയതിനോടൊപ്പം 2016-2017 വർഷത്തിലേയ്ക്ക് കമ്മീഷൻ തയ്യാറാക്കിയ നടപടി രൂപരേഖയ്ക്ക് അനുസൃതമായ പരിപാടികളും റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുണ്ടായി.

പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരം ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമങ്ങളിലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനുപുറമെ ബാലാവകാശലംഘനം സംബന്ധിച്ച പരാതികൾ അന്വേഷണവിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുന്നതും കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്. ഇത്തരം കാര്യങ്ങളുടെ നിർവ്വഹണത്തിനായി കമ്മീഷനിൽ പരാതിപരിഹാരവിഭാഗം പ്രവർത്തിക്കുന്നുണ്ട്. കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ടവരിൽനിന്ന് റിപ്പോർട്ട് തേടുകയും

ഓരോ കേസിലെയും വിഭിന്നങ്ങളായ തെളിവുകളും സാഹചര്യങ്ങളും അപഗ്രഥിച്ചും വിലയിരുത്തിയും തീർപ്പുകല്പ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും ശുപാർശകൾ നൽകുകയും ചെയ്യുന്ന സമ്പ്രദായമാണ് പരാതികളുമായി ബന്ധപ്പെട്ട് കമ്മീഷൻ അവലംബിക്കുന്നത്.

കുട്ടികളുമായുള്ള സംവാദം, ജില്ലകളിലെ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതിപ്പങ്കാളികൾ (stakeholders), സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ എന്നിവരുമായി ബാലാവകാശസംരക്ഷണം സംബന്ധിച്ച തുടർച്ചയായ ചർച്ചകൾ എന്നിവയ്ക്കു പുറമേ കമ്മീഷൻ നടത്തിയ കൂടിയാലോചനായോഗങ്ങൾ, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയിൽ സുപ്രധാനമായവ ചുവടെ പറയുന്നു.

കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അടിസ്ഥാനമാക്കി വിവിധ തലത്തിലുള്ള പദ്ധതിപ്പങ്കാളികളുമായി കമ്മീഷൻ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾ നേരിടുന്ന അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും കുട്ടികളുടെ സുരക്ഷയുമൊക്കെ കമ്മീഷൻ ചർച്ച ചെയ്ത വിഷയങ്ങളാണ്. ദുരിതം അനുഭവിക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിൽ ജീവിക്കുന്നവരുമായ കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് കമ്മീഷൻ ആഴത്തിൽ പഠിക്കുകയും സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിക്റ്റിം കോമ്പൻസേഷൻ സ്കീം, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ പ്രശ്നങ്ങൾ, പ്രത്യേകശ്രദ്ധയും സുരക്ഷയും ആവശ്യമുള്ള കുട്ടികളുടെ വിഷയങ്ങൾ എന്നിവ അടിസ്ഥാനമാക്കി സർക്കാരിന് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ അവയിൽ ചിലതാണ്. കഴിഞ്ഞ വർഷം സമാനവിഷയങ്ങളിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണനയ്ക്കായി കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്.

കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പൊതുജനങ്ങളിലേയ്ക്കും വിവിധ പദ്ധതിപ്പങ്കാളികളിലേയ്ക്കും സമഗ്രമായി എത്തിക്കുന്നതിനായി വെബ്സൈറ്റ് നിലവിലുണ്ട്. 2016-ലെ ബാലാവകാശവാരാഘോഷത്തോടനുബന്ധിച്ച്

കമ്മീഷന്റെ മലയാളം വെബ്സൈറ്റും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ, ഫേസ്ബുക്ക്, ടിറ്റർ മുതലായ സാമൂഹ്യമാധ്യമങ്ങളിലും കമ്മീഷൻ സാന്നിധ്യം അറിയിച്ചുതുടങ്ങി. പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനും പരാതി സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുമായി ആരംഭിച്ച ഓൺലൈൻ പരാതി സമർപ്പണ സംവിധാനത്തിനും വൻ സ്വീകാര്യതയാണ് പൊതുസമൂഹത്തിൽനിന്ന് ലഭിച്ചത്.

## 2. കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ.ആക്റ്റ്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ.ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്.

2005-ലെ സി.പി.സി.ആർ. ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ചുവടെ പറയുന്നവ കമ്മീഷന്റെ ചുമതലകളാണ്.

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.
- കമ്മീഷന് യുക്തമെന്ന് തോന്നുന്നപക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക.
- ബാലാവകാശലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക.
- ഭീകരപ്രവർത്തനം, വർഗ്ഗീയകലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി/എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ഭേദ്യം ചെയ്യലും ചൂഷണവും, അശ്ലീലസാഹിത്യം, ലൈംഗികചൂഷണം എന്നിവ മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.
- ദുരിതം അനുഭവിക്കുന്നതും പാർശ്വവത്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമി

ല്ലാത്തതും തടവുകാരുടേത് ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.

- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനു വേണ്ട ശുപാർശകൾ നടത്തുകയും ചെയ്യുക.
- ബാലാവകാശമേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ബാലസംരക്ഷണ മന്ദിരമോ മറ്റ് താമസസ്ഥലമോ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്നു കാണുന്നപക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യുക.
- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശകരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തലും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക.

## 2.1 ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം അന്വേഷണ വിചാരണയ്ക്കുശേഷം ചുവടെപ്പറയുന്ന നടപടികൾക്ക് കമ്മീഷന് അധികാരമുണ്ട്

➢ ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി

അന്വേഷണവിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ മറ്റ് അധികാര സ്ഥാനത്തോടോ ശുപാർശ ചെയ്യുക.

- നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുക.
- ഇടക്കാല ആശ്വാസം പീഡിതനോ ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക.

## 2.2 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള, അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

ആർ.റ്റി.ഇ.ആക്റ്റിലെ 31-ാം വകുപ്പു പ്രകാരം, പ്രസ്തുത ആക്റ്റിലെ 2 (സി) വകുപ്പിൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഇതുപ്രകാരം, വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്യുന്നതിനും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ നിയമത്തിലെ 32(4) വകുപ്പ് പ്രകാരം കമ്മീഷൻ പ്രസ്തുത നിയമത്തിൻകീഴിലുള്ള അപ്പീൽ അധികാര സ്ഥാനം കൂടിയാണ്. കൂടാതെ, വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 2.3 ലൈംഗിക അതിക്രമങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം പോക്സോ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനിൽ

നിക്ഷിപ്തമാണ്. ഇതുപ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ നിരീക്ഷിക്കുന്നതാണ്.

- പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്;
- ടി കോടതികളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം;
- വിചാരണഘട്ടത്തിലും വിചാരണയ്ക്കുമുമ്പും കുട്ടിയെ സഹായിക്കുന്നതിനായി സർക്കാരിതര സംഘടനകൾക്കും മന:ശാസ്ത്രം, സാമൂഹ്യസേവനം, മാനസിക ശാരീരിക ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർക്കും വ്യക്തികൾക്കുമായി പോക്സോ നിയമത്തിലെ 39-ാം വകുപ്പു പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതും അത്തരം മാർഗ്ഗനിർദ്ദേശങ്ങളുടെ നടപ്പാക്കലും;
- പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരൂപരേഖകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതും;
- കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച അറിവ് പൊതുജനങ്ങൾ, കുട്ടികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവർക്കെല്ലാം ഇലക്ട്രോണിക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിനെ സഹായിക്കുന്നതും ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും.

### 2.4. ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 104-ാം വകുപ്പു പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് ടി നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമവുമായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിയമത്തിലെ 109-ാം വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന പ്രകാരമാണ് കമ്മീഷൻ പ്രസ്തുത നിരീക്ഷണകർത്തവ്യം നിർവ്വഹിക്കേണ്ടത്. ധാരാളം പദ്ധതിപ്പങ്കാളികൾ ഉൾപ്പെടുന്നതാണ് ബാലനീതി

നിയമത്തിന്റെ നിരീക്ഷണസംവിധാനം. സംവിധാനം കമ്മീഷനിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## 3. ബാലാവകാശസംരക്ഷണത്തിന്റെ പ്രസക്തി കേരളത്തിൽ

2011-ലെ കാനേഷുമാരി പ്രകാരം കേരളത്തിൽ 99,32,755 കുട്ടികളുണ്ട്. ഇതിൽ 50,60,037 ആൺകുട്ടികളും 48,72,718 പെൺകുട്ടികളും ഉൾപ്പെടുന്നു. കുട്ടികളുടെ ആകെ എണ്ണം കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 29.73% ആണ്. ആകെയുള്ള 99,32,755 കുട്ടികളിൽ 8,50,824 കുട്ടികൾ പട്ടികജാതിയിലും 1,58,711 കുട്ടികൾ പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു.

0-6 വിഭാഗത്തിലെ ആകെ കുട്ടികളിൽ ആൺ-പെൺ എണ്ണവും അനുപാതവും ചുവടെ പറയും പ്രകാരമാണ്.

| 0-6 വിഭാഗത്തിലെ ആകെ കുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ | 0-6 വിഭാഗത്തിലെ ആൺ-പെൺ അനുപാതം |
|---|---|---|---|
| 33,22,247 | 16,95,935 | 16,26,312 | 1000- 964 |

കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിൽ അസൂയാവഹമായ നേട്ടമാണ് നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. എങ്കിലും ചില മേഖലകളിൽ നമുക്ക് ഇനിയും ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. ബാലാവകാശവുമായി ബന്ധപ്പെട്ട ചില മേഖലകളിൽ ഇപ്പോഴും ദുർബ്ബലാവസ്ഥ നിലനിൽക്കുന്നു. പ്രതിരോധമരുന്നുകളുടെ കുത്തിവെപ്പുമായി ബന്ധപ്പെട്ട് ചില ജില്ലകളിൽ നിന്നുയരുന്ന എതിർസ്വരങ്ങൾ ഉദാഹരണമാണ്. തൃശ്ശൂർ ജില്ലയിൽ ആൺ-പെൺ അനുപാതത്തിൽ വന്ന കുറവ്, ഗോത്രമേഖലയിലെയും തീരപ്രദേശത്തെയും സ്കൂളുകളിൽനിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് എന്നിവയൊക്കെ നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. സ്കൂളിൽനിന്ന് കൊഴിഞ്ഞുപോകുന്ന ഇത്തരം കുട്ടികൾ പിന്നീട് ലൈംഗികപീഡനത്തിനും മയക്കുമരുന്നുകളുടെ ഉപയോഗത്തിനും വ്യാപനത്തിനും ഇരകളായിത്തീരുന്നു. ഇവ ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് പരിഹരിക്കാൻ നമുക്ക് കഴിയണം.

നമുക്ക് ഓരോ കുട്ടിയും വിലപ്പെട്ടതാണ്. ഇന്ന് കുടുംബത്തിൽ നിന്നു മാത്രമല്ല, ചുറ്റുപാടുമുള്ള സമൂഹത്തിൽനിന്നും കുട്ടികൾ ഭീഷണി നേരിടുന്നുവെന്നതാണ് യാഥാർഥ്യം. ഒരു കുട്ടിയെ ഉത്തരവാദിത്തമുള്ള പൗരനായി വളർത്തിയെടുക്കുന്നതിൽ സമൂഹത്തിനും മാതാപിതാക്കൾക്കും വളരെ വലിയ പങ്കാണ് വഹിക്കാനുള്ളത്. നല്ല

നാളേയ്ക്കായി പ്രതീക്ഷാനിർഭരമായ മനസ്സുമായി കാത്തിരിക്കുന്ന നാം യഥാർഥത്തിൽ ആരംഭിക്കേണ്ടത് കുട്ടികളിൽ നിന്നാണ്. കുട്ടികളായിരിക്കുമ്പോൾതന്നെ അവർക്ക് മൂല്യങ്ങൾ പകർന്നുകൊടുക്കാൻ മാതാപിതാക്കൾക്ക് കഴിയണം. അവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ട്. എന്നാൽ, കുട്ടികൾക്ക് ഇന്ന് സ്വന്തം കുടുംബത്തിൽനിന്നുപോലും പീഡനങ്ങളും ലൈംഗികചൂഷണവും നേരിടേണ്ടിവരുന്ന ദയനീയാവസ്ഥയാണ് പലയിടത്തും നിലനിൽക്കുന്നത്. പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികൾ പോലും വീട്ടിനുള്ളിൽ ലൈംഗികപീഡനത്തിന് ഇരയാകുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വന്ന വിള്ളലുകൾ ഇവയ്ക്ക് കാരണമാകാം. സാങ്കേതികവിദ്യയുടെ കടന്നുകയറ്റം മൂലം കുട്ടികളും മുതിർന്നവരും തങ്ങളിലേയ്ക്കുതന്നെ ചുരുങ്ങുന്നതിനാൽ കുടുംബത്തി നുള്ളിൽ മനസ്സ് തുറന്നു സംസാരിക്കാൻ കഴിയാതെ വരുന്ന അവസ്ഥയും ഇത്തരം പ്രശ്നങ്ങളിലേയ്ക്കു നയിക്കപ്പെടുന്നു.

കുട്ടികൾ നേരിടുന്ന ലൈംഗികപീഡനമാണ് നമ്മുടെ സമൂഹം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി. കുട്ടികൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ചും അവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുമുള്ള ബോധവൽക്കരണം ഇപ്പോൾ ഏറെ നടക്കുന്നതിനാൽ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതും കൂടിയിട്ടുണ്ട്. എന്നാൽ, ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ അത് പൊതുസമൂഹത്തിൽനിന്ന് മറച്ചുവെയ്ക്കുന്നതിനും പരാതികൾ ഒത്തു തീർപ്പാക്കുന്നതിനുമുള്ള ശ്രമങ്ങൾ പലപ്പോഴും നടക്കുന്നുണ്ട്. ഇത് ബാലാവകാശ ങ്ങളുടെ ലംഘനം ആണെന്നു മാത്രമല്ല, പോക്സോ നിയമത്തിന്റെ അന്തഃസ്സത്തയ്ക്ക് എതിരുമാണ്. പീഡനം നടന്നാൽ അതുസംബന്ധിച്ച് അറിവുള്ള ഏതൊരു വ്യക്തിയും അക്കാര്യം ബന്ധപ്പെട്ട അധികാരികളെ അറിയിക്കാത്തതുപോലും ശിക്ഷാർഹമായ കുറ്റമാണെന്ന് കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നീതിന്യായസംവിധാനത്തിന്റെ ലഭ്യത, പീഡനത്തിന് വിധേയരായവരുടെ പുനരധിവാസം എന്നിങ്ങനെ പല കാര്യങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അവ സഫലീകൃതമാക്കാൻ നമുക്ക് ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്.

വിദൂരമേഖലകളിലെ കുട്ടികളുടെ പഠനം, അവരുടെ ഭക്ഷണം, പോഷകാഹാരം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. അതോടൊപ്പംതന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സ്കൂളുകളിലെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങൾ. സൈബർ മേഖലയിലെ ഓൺലൈൻ സുരക്ഷയും ലഹരിയോടുള്ള കുട്ടികളുടെ ആഭിമുഖ്യവും ഇനിയും ചർച്ച ചെയ്യപ്പെടുകയും പരിഹരിക്കപ്പെടുകയും ചെയ്യേണ്ട പ്രശ്നങ്ങളാണ്.

കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വെളിവാക്കുന്നതാണ് ഇത്തരം സംഭവങ്ങൾ. അച്ഛനമ്മമാർക്കും മക്കൾക്കുമിടയിലുള്ള ബന്ധം ദൃഢമാക്കുന്നതിലൂടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും കുട്ടി അവരുമായി പങ്കുവെയ്ക്കുകയും കുട്ടി അപകടത്തിൽ ചെന്നുചാടുന്നത് അതുവഴി തടയാൻ അച്ഛനമ്മമാർക്ക് കഴിയുകയും ചെയ്യും. അതുകൊണ്ടുതന്നെ, കുടുംബബന്ധങ്ങൾ ദീപ്തവും ഭദ്രവുമാക്കേണ്ടത് കുടുംബത്തിന്റെ കെട്ടുറപ്പിനും നിലനിൽപ്പിനും അത്യാവശ്യമാണ്.

## 4. കമ്മീഷന്റെ ഘടനയും അംഗങ്ങളും

ചെയർപേഴ്സനും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമാണ് സംസ്ഥാന സർക്കാർ കമ്മീഷൻ രൂപവത്ക്കരിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെയും 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായാണ് ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം നടത്തുന്നത്. കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അംഗങ്ങൾക്ക് ജില്ലകൾ തിരിച്ച് ചുമതല നല്കിയിട്ടുണ്ട്.

കമ്മീഷൻ അംഗങ്ങളായ ശ്രീ. റ്റി.ബി. സുരേഷ്, ശ്രീമതി ശ്രീല മേനോൻ എൻ., ശ്രീമതി ശ്യാമളാദേവി പി.പി., ശ്രീ. എം.പി. ആന്റണി, ശ്രീ. സി.ജെ. ആന്റണി, സിസ്റ്റർ ബിജി ജോസ് സി.എം.സി. എന്നിവർ 02-05-2017 FN-ന് കമ്മീഷനിൽ ചാർജ്ജെടുത്തു. ബഹു.ഹൈക്കോടതിയുടെ 21-07-2017-ലെ WP(C) No.1994/2017 നമ്പർ ഉത്തരവുപ്രകാരം 21-07-2017-ന് ടി കമ്മീഷൻ അംഗങ്ങളെ കമ്മീഷനിൽനിന്നും വിടുതൽ ചെയ്തു. തുടർന്ന് 17-08-2017-ലെ WP(C) No.1994/2017 നമ്പർ ഉത്തരവുപ്രകാരം ശ്രീമതി ശ്രീല മേനോൻ എൻ., ശ്രീ. എം.പി. ആന്റണി, ശ്രീ. സി.ജെ. ആന്റണി, സിസ്റ്റർ ബിജി ജോസ് സി.എം.സി. എന്നിവർ 18-08-2017-ന് കമ്മീഷനിൽ തിരികെ പ്രവേശിച്ചു.

### 4.1 കമ്മീഷന്റെ സെക്രട്ടറിയും മറ്റു ഉദ്യോഗസ്ഥരും

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 21(1) വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനത്തിനുമായി സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിലുള്ള ഉദ്യോഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറിയായി സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി നിയമിക്കണമെന്നും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും

കമ്മീഷനിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാലാവകാശലംഘനം, നിഷേധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അഡീഷണൽ ലാ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷൻ രജിസ്ട്രാറായും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മറ്റുദ്യോഗസ്ഥർക്കും ജീവനക്കാർക്കും പുറമെ സാങ്കേതികസഹായത്തിനും മറ്റുമായി കൺസൾട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്.

## 5. പരാതികളും അന്വേഷണ വിചാരണയും

കമ്മീഷന്റെ പരാതിവിഭാഗം കമ്മീഷന്റെ രജിസ്ട്രാറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് 2,512 പരാതികൾ ലഭിച്ചിരുന്നു. മാധ്യമവാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയായും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കേസുകളിൽ കമ്മീഷൻ ബന്ധപ്പെട്ട അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അന്വേഷണ വിചാരണ സംബന്ധിച്ച അധികാരങ്ങൾ വിനിയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ നേരിട്ടും തപാലിലും ഓൺലൈനായുമാണ് കമ്മീഷന് ലഭിക്കുന്നത്. കൂടാതെ, സ്വമേധയായും ജില്ലകളിൽനിന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി) അയച്ചുതരുന്ന പരാതികളിലും കമ്മീഷൻ നടപടി സ്വീകരിക്കുന്നു. കമ്മീഷൻ ആസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും സിറ്റിംഗുകൾ നടത്താറുണ്ട്. പരാതിക്കാരെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും ഓരോ കേസിലും ലഭ്യമാകുന്ന തെളിവുകൾ അപഗ്രഥിച്ചും വിഭിന്നമായ സാഹചര്യങ്ങൾ കണക്കിലെടുത്തും നീതിയുക്തവും ഉചിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആവശ്യമായ ശുപാർശ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും നൽകുകയും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തുവരുന്നു. പരാതികളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളിൽനിന്ന് റിപ്പോർട്ട് തേടിയും അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി അപഗ്രഥിച്ചുമാണ് കമ്മീഷൻ ഉത്തരവുകൾ തയ്യാറാക്കുന്നത്.

ഈ കേസുകളിലായി പലവിധ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അവയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ, ബാലനീതി നിയമത്തിനു കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ, വിദ്യാഭ്യാസ അവകാശനിഷേധം, ബാലാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് കമ്മീഷൻ പരിഗണിക്കുന്നത്. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് (പോക്സോ ആക്റ്റ്) പ്രകാരവും ബാലനീതി നിയമപ്രകാരവുമുള്ള

കേസുകളിൽ കമ്മീഷന് നേരിട്ട് പരാതികൾ ലഭിക്കുന്നത് കുറവാണ്. ഇത്തരം കേസുകളിൽ പ്രാഥമിക നടപടി സ്വീകരിക്കേണ്ടത് പോലീസും കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കേണ്ടത് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമാണ്. പോലീസ് യഥാസമയം നടപടി സ്വീകരിക്കാതിരിക്കുകയോ കുട്ടിക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ അത്തരം പരാതികൾ കമ്മീഷൻ മുമ്പാകെ നേരിട്ട് ഉന്നയിക്കപ്പെടുകയോ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ, ആറുമുതൽ 14 വരെ വയസ്സ് പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരാതികൾ മാത്രമേ വിദ്യാഭ്യാസ അവകാശ നിയമത്തിനു കീഴിൽ പരിഗണിക്കുന്നുള്ളൂ. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബാക്കി എല്ലാ പരാതികളും ബാലാവകാശ ലംഘനത്തിന്റെ ഭാഗമായാണ് പരിഗണിച്ചുവരുന്നത്.

കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ 90 ശതമാനവും ബാലാവകാശ ലംഘനവുമായി ബന്ധപ്പെട്ടവയാണ്. അവയിൽ സ്കൂൾ കലോൽസവം, ഗതാഗത പ്രശ്നങ്ങൾ, ബാലവേല, ശൈശവ വിവാഹം, വന്യമൃഗങ്ങൾ ഉൾപ്പെടെയുള്ള മൃഗങ്ങളുടെ ആക്രമണങ്ങൾ, രോഗപ്രതിരോധം ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ, കൃത്യവിലോപം, ജനന സർട്ടിഫിക്കറ്റ് നൽകാതിരിക്കൽ, ശൈശവദശയിലേതുൾപ്പെടെയുള്ള കുട്ടികളുടെ മരണം, കുടുംബകലഹങ്ങൾ, പാരിസ്ഥിതികപ്രശ്നങ്ങൾ, സാമ്പത്തിക സഹായങ്ങളും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങളും ലഭ്യമാക്കാതിരിക്കൽ, ശാരീരികമായ ശിക്ഷ എന്നിവ സംബന്ധിച്ച പരാതികൾ ഉൾപ്പെടുന്നു. ഇതു സംബന്ധിച്ച രേഖാചിത്രം താഴെ കൊടുത്തിരിക്കുന്നു.



## 2018-19 വർഷത്തെ പരാതികൾ സംബന്ധിച്ച വിശദവിവരങ്ങൾ

(2019 മാർച്ച് 31 വരെയുള്ളവ)

2018ഏപ്രിൽ ഒന്നുമുതൽ 2019 മാർച്ച് 31 വരെ ലഭിച്ച പരാതികളിൽ ആർ.റ്റി.ഇ, പോക്സോ, ബാലനീതി എന്നിവ തരംതിരിച്ചുള്ള കണക്ക്, തീർപ്പാക്കിയ കേസുകളുടെയും അവശേഷിക്കുന്നവയുടെയും വിശദവിവരങ്ങൾ എന്നിവ താഴെ പട്ടികയിൽ ലഭ്യമാക്കിയിരിക്കുന്നു.

| ജില്ലകളും പരാതികളുടെ എണ്ണവും | | | | | | തീർപ്പാക്കിയ പരാതികളുടെ എണ്ണം | തീർപ്പാക്കാനുള്ള പരാതികളുടെ എണ്ണം |
|---|---|---|---|---|---|---|---|
| ജില്ല | ആകെ എണ്ണം | ആർ. റ്റി.ഇ | പോക്സോ | ജെ. ജെ. | ബാലാവകാശ ലംഘനം/ നിഷേധം | | |
| തിരുവനന്തപുരം | 385 | 25 | 19 | 1 | 340 | 151 | 234 |
| കൊല്ലം | 159 | 9 | 4 | 0 | 146 | 58 | 101 |
| പത്തനംതിട്ട | 62 | 4 | 1 | 1 | 56 | 40 | 22 |
| ആലപ്പുഴ | 99 | 10 | 3 | 0 | 86 | 55 | 44 |
| കോട്ടയം | 73 | 8 | 2 | 2 | 61 | 40 | 33 |
| ഇടുക്കി | 57 | 1 | 5 | 0 | 51 | 39 | 18 |
| എറണാകുളം | 139 | 12 | 11 | 0 | 116 | 78 | 61 |
| തൃശ്ശൂർ | 124 | 21 | 2 | 0 | 100 | 68 | 56 |
| പാലക്കാട് | 85 | 14 | 6 | 0 | 65 | 27 | 58 |
| മലപ്പുറം | 144 | 22 | 11 | 0 | 111 | 49 | 95 |
| കോഴിക്കോട് | 150 | 27 | 10 | 0 | 113 | 81 | 69 |
| വയനാട് | 46 | 8 | 5 | 0 | 33 | 27 | 19 |
| കണ്ണൂർ | 90 | 16 | 10 | 0 | 65 | 49 | 41 |
| കാസർകോട് | 79 | 13 | 1 | 0 | 65 | 49 | 30 |
| **ആകെ** | **1692** | **190** | **90** | **4** | **1408** | **811** | **881** |

2018ഏപ്രിൽ ഒന്നുമുതൽ 2019 മാർച്ച് 31 വരെ ലഭിച്ച 1692 പരാതികളിൽ 810 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 2015-2016 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 11 കേസുകളും 2016-2017 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 478 കേസുകളും 2017-2018 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 757 കേസുകളും കൂടി ചേർക്കുമ്പോൾ റിപ്പോർട്ട് വർഷം (2018-2019) തീർപ്പാക്കിയ കേസുകളുടെ ആകെ എണ്ണം 2056 ആണ്.

കമ്മീഷൻ ആരംഭിച്ച വർഷം മുതലുള്ളപരാതികളുടെ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദവിവരത്തിന്റെ രേഖാചിത്രം ചുവടെ ചേർക്കുന്നു.




## ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം

പരാതികൾ ഓൺലൈനായും രജിസ്റ്റർ ചെയ്യാവുന്നതാണ്. കമ്മീഷന്റെ വെബ്സൈറ്റായ www.kescpcr.kerala.gov.in-ൽ പ്രവേശിച്ചാൽ ഇതിനുള്ള ലിങ്ക് ലഭിക്കുന്നതാണ്. പരാതി നൽകുന്ന ആളുടെയും എതിർകക്ഷികളുടെയും പേരുവിവരം, പരാതിയുടെ സാരാംശം തുടങ്ങിയവ രേഖപ്പെടുത്താനും ഇവിടെ സൗകര്യമുണ്ട്. തുടർപ്രക്രിയകൾ സൂചിപ്പിക്കുന്ന കോളങ്ങളും നിർദ്ദേശങ്ങളും ഈ സംവിധാനത്തിൽ ലഭിക്കുന്നതാണ്. പരാതി ഓൺലൈനായി സമർപ്പിച്ചുകഴിഞ്ഞാലുടൻ പരാതിക്കാരന് രജിസ്ട്രേഷൻ നമ്പർ എസ്.എം.എസ് ആയി ലഭിക്കും. പ്രസ്തുത നമ്പർ ഉപയോഗിച്ച് കേസിന്റെ സി.ആർ.എം.പി. നമ്പരും നിലവിലെ സ്ഥിതിവിവരങ്ങളും പരാതിക്കാരന് അന്വേഷിക്കാവുന്നതാണ്. ഓൺലൈനായി പരാതി സമർപ്പിക്കുന്നവർ പരാതിയുടെ വിശദവിവരം സത്യവാങ്മൂലത്തിന്റെ രൂപത്തിൽ എഴുതി സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഓൺലൈനിൽ പരാതി സമർപ്പിക്കുമ്പോൾ തന്നെ എസ്.എം. എസ് ആയി ലഭിക്കുന്നതാണ്. കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ശുപാർശകളും അപ്പപ്പോൾത്തന്നെ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പ്രക്രിയ പുരോഗമിക്കുകയാണ്.ഇപ്പോൾ പൂർത്തീകരിച്ച പരാതികളുടെ ഉത്തരവുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## 5.2 റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ സമർപ്പിച്ച ചില പ്രധാന ശുപാർശക ളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ ലഘു വിവരണവും

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ നിർവ്വഹിച്ചു വരുന്നത്. അവകാശങ്ങളുടെ ലംഘനം, അവകാശങ്ങൾ നിഷേധിക്കൽ, കുട്ടികളുടെ അവകാശസംരക്ഷണത്തിനായി പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പാളിച്ചകൾ എന്നിവയും കമ്മീഷൻ പരിശോധിക്കുന്നുണ്ട്.

ഇത്തരം നടപടികളിലൂടെ ഗുണപരമായ മാറ്റങ്ങളാണ് സമൂഹത്തിന് ലഭിക്കുന്നത്. കുട്ടികളെ വ്യക്തിപരമായി ബാധിക്കുന്നതോ അവർക്ക് വ്യക്തിപരമായി നേട്ടം ഉണ്ടാക്കുന്നതോ ആയ നടപടികൾ. അധ്യയനവർഷത്തിന്റെ അവസാനനാളുകളിൽ നിസ്സാരകുറ്റങ്ങൾ ചുമത്തി കുട്ടികളെ സ്കൂളിൽനിന്ന് പുറത്താക്കുന്നതായി കമ്മീഷന് ധാരാളം പരാതികൾ ലഭിച്ചിരുന്നു. കാരണം എന്തുതന്നെയായിരുന്നാലും പഠിക്കാനുള്ള കുട്ടികളുടെ അവകാശം മുടക്കാൻ ആർക്കും അധികാരമില്ലെന്ന നിലപാടാണ് ഇക്കാര്യത്തിൽ കമ്മീഷൻ സ്വീകരിച്ചുവരുന്നത്. വിവിധ സ്ഥാപനങ്ങളുടെ സേവനത്തിന്റെ അപര്യാപ്തത മൂലമോ പ്രവർത്തനത്തിലെ വൈകല്യം മൂലമോ കുട്ടികൾക്ക് മാനസികവ്യഥ ഉണ്ടായാൽ നഷ്ടപരിഹാരം നൽകാൻ സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ പലപ്പോഴും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം കേസുകളിൽ ഏറ്റവും പ്രധാനപ്പെട്ട ചിലത് താഴെ വിവരിക്കുന്നു:

| ക്രമ നം. | കേസ് നം. | വിഷയം | സർക്കാർ/ മറ്റ് അധികാര സ്ഥാനം സ്വീക രിച്ച നടപടിയുടെ വിവരം |
|---|---|---|---|
| 1. | *സി.ആർ.എം.പി. നം. 3814/10/എൽഎ2/2015* | *സ്കൂളിൽ പഠന സൗകര്യം കുറവ്; വിദ്യാർത്ഥി നിരാഹാരത്തിൽ എന്ന ശീർഷകത്തിൽ 20-08-2015-ൽ വന്ന പത്രവാർത്ത* | *വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൗകര്യം ലഭിക്കുന്നതിനു വേണ്ടി യു.പി., ഹൈസ്കൂൾ വിഭാഗക്കാർക്ക് ഷിഫ്റ്റ് സമ്പ്രദായമോ സെഷൻസ് സമ്പ്രദായമോ 2019-20 വർഷം മുതൽ നടപ്പിലാക്കാൻ നിർദ്ദേശം നൽകി.* |
| 2. | *സി.ആർ.എം.പി. നം. 7519/13/എൽഎ2/2016* | *കണ്ണൂർ ജില്ലയിൽ മനുഷ്യക്കടത്ത് നടത്തി ബാലവേല ചെയ്യിപ്പിക്കുന്നതായുള്ള പരാതി* | *ജില്ലാ ലേബർ ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണെന്നും ബാലവേലയ്ക്കെതിരായി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.* |

| | | | |
|---|---|---|---|
| 3. | സി.ആർ.എം.പി. നം. 8842/08/എൽഎ2/2016 | സ്കൂളിൽ കുട്ടികളെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നത് സംബന്ധിച്ച് ലഭിച്ച പരാതി | കമ്മീഷൻ ശുപാർശയിന്മേൽ സംസ്ഥാനത്തെ എല്ലാ അധ്യാപകരെയും ബോധവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 4. | സി.ആർ.എം.പി.നം. 8971/13/എൽഎ2/2016 | കേരളത്തിലെ വിദ്യാലയങ്ങളിലെ കാലാവസ്ഥയ്ക്കനുയോജ്യമല്ലാത്ത സിന്തറ്റിക് തുണികൾ കൊണ്ടുള്ള യൂണിഫോമും ഷൂസും ധരിക്കുവാൻ കുട്ടികളെ നിർബന്ധിക്കുന്നത് സംബന്ധിച്ച് | സംസ്ഥാനത്തെ സ്കൂളുകളിൽ യൂണിഫോമിന് തുണിത്തരങ്ങൾ തെരഞ്ഞെടുക്കുമ്പോൾ അത് പൂർണ്ണമായും ഇവിടുത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമാകണമെന്ന് കാണിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയതായി എസ്.പി./2929/2019/ഡി.പി.ഐ. നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. |
| 5. | സി.ആർ.എം.പി. നം. 1546/08/എൽഎ2/2017 | പെൺ ഭ്രൂണഹത്യ സംബന്ധിച്ചുള്ള പരാതി | കമ്മീഷന്റെ ഉത്തരവുപ്രകാരം PNDT നിയമം എല്ലാ ജില്ലകളിലെയും ആശുപത്രികളിലും സ്കാനിംഗ് സെന്ററുകളിലും കർശനമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും 01-10-2018-ലെ യുഐപി.1-18647/2017/ആവഡ നമ്പർ ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 6. | സി.ആർ.എം.പി. നം. 1949/08/എൽഎ2/2017 | സ്വകാര്യ ബസിൽ സ്കൂൾ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് | സ്വകാര്യ ബസ് ഉടമകൾക്കും ജീവനക്കാർക്കും സ്കൂൾ കുട്ടികളെ ബസുകളിൽ കയറ്റുന്നത് സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| 7. | സി.ആർ.എം.പി.നം. 3787/01/എൽഎ1/2017 | തിരുവനന്തപുരം സെൻട്രൽ ലൈബ്രറിയിൽ വേനൽ അവധിക്കാലത്ത് വരുന്ന കുട്ടികൾക്ക് പൊടിയിൽ മുങ്ങിയിരിക്കുന്ന പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് ലഭിച്ച പരാതി | അധികമായി പൊടി കെട്ടിടത്തി നുള്ളിലേയ്ക്ക് വരുന്ന ഭാഗത്ത് താൽക്കാലിക മറ ഉണ്ടാക്കുന്നതിനും പുസ്തകങ്ങളിൽ അടിഞ്ഞു കൂടിയിരിക്കുന്ന പൊടി നീക്കം ചെയ്യുന്നതിനും എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| 8. | സി.ആർ.എം.പി.നം. 4383/01C/എൽഎ1/2017 | മാനസികവും ശാരീരികവുമായി വൈകല്യമുള്ള കുട്ടിയെ മാതാപിതാക്കൾ അതിക്രൂരമായി പീഡിപ്പിക്കുന്നതും ചികിത്സ നിഷേധിക്കുന്നതും സംബന്ധിച്ച് ലഭിച്ച പരാതി | കുട്ടിക്ക് കൃത്യമായ ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും മറ്റേതെങ്കിലും പദ്ധതി മുഖാന്തിരം കുട്ടിയ്ക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എങ്കിൽ ഐ.സി.പി.എസ്. സ്പോൺസർഷിപ്പിൽ ഉൾപ്പെടുത്തി ചികിത്സയ്ക്കാവശ്യമായ സഹായം നൽകുന്നതിന് ജില്ലാ ശിശുസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകി. |
| 9. | സി.ആർ.എം.പി. നം. 6976/03/എൽഎ1/2017 | കൊടുംകാട്ടിൽ പനിച്ചുവിറച്ച ആദിവാസി കുഞ്ഞിന് രക്ഷകരായി ജനമൈത്രി പോലീസ് എന്ന തലക്കെട്ടോടെ 06-07-2017-ൽ വന്ന പത്രവാർത്ത | അവശനിലയിലായിരുന്ന കുട്ടിയെ ആശുപത്രിയിലെത്തിക്കാൻ ശ്രമിച്ച ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരെയും ട്രൈബൽ ഓഫീസറെയും കമ്മീഷൻ അഭിനന്ദിച്ചു. |
| 10. | സി.ആർ.എം.പി. നം. 9643/13/എൽഎ2/2017 | പാലയാട് സെൻട്രൽ ജൂനിയർ ബേസിക് സ്കൂളിന്റെ കോമ്പൗണ്ടിൽ തുറന്ന കിണർ നിർമ്മിക്കുന്നത് സംബന്ധിച്ച് | നിലവിൽ സ്കൂളിന് കുടിവെള്ള പ്രശ്നം ഒന്നുംതന്നെ ഇല്ലായെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 11. | സി.ആർ.എം.പി. നം. 11792/08/എൽഎ1/2017 | സ്കൂൾ കുട്ടികൾക്കിടയിൽ അനാവശ്യ മത്സരങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച ഗ്രേഡ് സിസ്റ്റം കുട്ടികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നത് സംബന്ധിച്ച് ലഭിച്ച പരാതി | പഠന നിലവാരത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ വിദ്യാഭ്യാസത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കുമ്പോൾ അത് കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ വേണമെന്ന് നിർദ്ദേശം നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി. |
| 12. | സി.ആർ.എം.പി. നം. 11869/14/എൽഎ2/2017 | കാസറഗോഡ് ജില്ലയിലെ പെരിയ ബഡ്സ് സ്കൂൾ കമ്മീഷൻ സന്ദർശിച്ചപ്പോൾ തെറാപ്പി യൂണിറ്റുകൾ അടഞ്ഞു കിടക്കുന്നതായും കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നും ബോധ്യപ്പെട്ടു. | ഭിന്നശേഷിയുള്ള കുട്ടികളുടെ പരിശീലന-പുനരധിവാസത്തിനായി നിലവിൽ പ്രവർത്തിച്ചു വരുന്ന പെരിയ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം നിരീക്ഷിക്കാനും ആവശ്യമായ സഹായങ്ങൾ നൽകുവാനും കമ്മീഷൻ നിർദ്ദേശിക്കുകയും അതനുസരിച്ച് കാസറഗോഡ് പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| 13. | സി.ആർ.എം.പി.നം. 11916/12/സി2/2017 | കാട്ടാനപ്പേടിയിൽ എരുമക്കൊല്ലി യു.പി. സ്കൂൾ വിദ്യാർത്ഥികൾ എന്ന തലക്കെട്ടോടെ 30-11-2017-ൽ വന്ന പത്രവാർത്ത | എരുമക്കൊല്ലി ഗവ. യു.പി. സ്കൂളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സ്കൂൾ സുരക്ഷിതമായി സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ടോയ്‌ലറ്റുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ഉത്തരവായി. |
| 14. | സി.ആർ.എം.പി.നം. 3911/11/എൽഎ2/2018 | പോലീസിന്റെ ക്രൂരത; 9 മാസം പ്രായമായ ഇരട്ടകളെ തനിച്ചാക്കി അമ്മയെ ജയിലിലാക്കി എന്ന തലക്കെട്ടിൽ വന്ന പത്രവാർത്ത | 5 വയസുവരെയുള്ള കുട്ടികളുടെ അമ്മമാരെ അറസ്റ്റ് ചെയ്യുമ്പോൾ പ്രസ്തുത വിഷയം കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന റിപ്പോർട്ടിൽ രേഖപ്പെടുത്തണ മെന്ന് നിഷ്കർഷിക്കുന്ന ഒരു ഉത്തരവ് സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിക്കണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകി. |
| 15. | സി.ആർ.എം.പി.നം. 8419/12/സി2/2018 | മാനസിക വെല്ലുവിളി നേരിടുന്ന 90% വൈകല്യമുള്ള കുട്ടിയ്ക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച് | 2019-20 വർഷം മുതൽ സർക്കാർ ഉത്തരവുപ്രകാരം നൽകേണ്ട സ്കോളർഷിപ്പ് തുകയായ 28,500/- രൂപ എതിർകക്ഷി നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 16. | സി.ആർ.എം.പി. നം. 8545/06/സി1/2018 | നിർഭയ ഷെൽട്ടർ ഹോമിലെ വിദ്യാർത്ഥിനി തൂങ്ങി മരിച്ചു; ആശുപത്രിയിൽ സംഘർഷം എന്ന തലക്കെട്ടോടെ 10-10-2018-ൽ വന്ന പത്രവാർത്ത | കമ്മീഷന്റെ ശുപാർശയിന്മേൽ എതിർകക്ഷികൾ നടപടി സ്വീകരിച്ചു. |
| 17. | സി.ആർ.എം.പി. നം. 9010/06/സി1/2018 | ഇടുക്കി ഇടമലക്കുടി ഗ്രാമ പഞ്ചായത്തിൽ 2018-ൽ പൾസ് പോളിയോ തുള്ളി മരുന്ന് വിതരണം നടത്താത്തത് സംബന്ധിച്ച് | മെഡിക്കൽ ഓഫീസർമാരുടെ ടീമുകൾ രൂപീകരിച്ച് ഇടമലക്കുടിയിൽ പോളിയോ തുള്ളിമരുന്ന് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| 18. | സി.ആർ.എം.പി. നം. 9235/01R/സി1/2018 | ടീച്ചർ അന്ധയായതിനാൽ കുട്ടികളെ വേണ്ടത്ര രീതിയിൽ പഠിപ്പിക്കുവാൻ സാധിക്കുന്നില്ലെന്ന് ലഭിച്ച പരാതി | പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാരായ അധ്യാപകരെയും മറ്റുള്ളവരെയും സ്കൂളിൽ പ്രത്യേകിച്ചും എൽ.പി., യു.പി. തലങ്ങളിൽ നിയമിക്കുമ്പോൾ നിലവിലെ സ്ഥലംമാറ്റ ചട്ടങ്ങളും നിയമന ചട്ടങ്ങളും കണക്കിലെടുക്കുമ്പോൾ തന്നെ ഗുണഭോക്താക്കളായ കുട്ടികളുടെ അവകാശങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള നയം സർക്കാർ തലത്തിൽ സ്വീകരിക്കപ്പെടേണ്ടതാണ്. |

| | | | |
|---|---|---|---|
| 19. | സി.ആർ.എം.പി. നം. 10477/13/എൽഎ2/2018 | കുട്ടികളുടെ കൊഴിഞ്ഞുപോക്ക് - ഊരുണർത്തൽ പരിപാടിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് | ആറളം ഫാം ഗവ. സ്കൂളിൽ ഊരുണർത്തൽ പരിപാടി സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ ശുപാർശ പ്രകാരം സ്കൂൾ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാൻ പ്രധാനാധ്യാപികയ്ക്ക് നിർദ്ദേശം നൽകിയതായി തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| 20. | സി.ആർ.എം.പി. നം. 2324/11/എൽഎ2/2019 | സ്കൂൾ വിദ്യാർത്ഥി ബസിലെ സീറ്റിൽ ഇരുന്ന് യാത്ര ചെയ്തതിന് ജീവനക്കാർ മോശമായി പെരുമാറിയത് സംബന്ധിച്ച് | സ്കൂൾ കുട്ടികൾ ബസിലെ സീറ്റിൽ ഇരുന്ന് യാത്ര ചെയ്യുന്നതിന് തടസ്സം നിൽക്കരുതെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| 21. | സി.ആർ.എം.പി. നം. 3503/03/എൽഎ1/2019 | ശബരിമലയിൽ ശിശുസൗഹൃദ സംവിധാനം നിലവിലില്ല എന്നത് സംബന്ധിച്ച് | ശബരിമലയിൽ ദർശനത്തിനായി എത്തുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകി. |

## 5.3 അന്വേഷണ വിചാരണയിലെ പ്രതിബന്ധങ്ങൾ

ബാലാവകാശ ലംഘനം, ബാലാവകാശ നിഷേധം എന്നിവ സംബന്ധിച്ച അന്വേഷണ വിചാരണയിൽ ആശ്വാസ നടപടികൾക്കായി ശുപാർശകൾ നൽകുന്നതും കമ്മീഷന്റെ സുപ്രധാന കർത്തവ്യമാണ്. ഇപ്രകാരം നൽകുന്ന ശുപാർശകൾ 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം സർക്കാരിനും മറ്റ് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും അയച്ചുകൊടുക്കുകയും അതിന്മേൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ദിവസങ്ങൾക്കകം കമ്മീഷന് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുകയാണ് കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർ നടപടി. എന്നാൽ ഇത്തരത്തിൽ നടപടി റിപ്പോർട്ട് ലഭിക്കുന്നതിന് പലപ്പോഴും വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് വസ്തുതയാണ്. ഇത് ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള ക്ഷേമകാര്യങ്ങളും ബാലാവകാശ സംരക്ഷണവും കുട്ടികൾക്ക് ലഭിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്നതിനാൽ ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

### സർക്കാരിന്/മറ്റ് അധികാരസ്ഥാനങ്ങൾക്ക് കമ്മീഷൻ നൽകിയ ശുപാർശകളിന്മേൽ നടപടി സംബന്ധിച്ച റിപ്പോർട്ട് ഫയൽ ചെയ്യുന്നതിൽ കാലതാമസം നേരിടുന്ന പ്രധാനപ്പെട്ട ചില കേസുകൾ

| ക്രമ നം. | കേസ് നമ്പർ | വിഷയം | നടപടി സ്വീകരിക്കേണ്ട എതിർകക്ഷികൾ |
|---|---|---|---|
| 1. | സി.ആർ.എം.പി 159/06/എൽഎ1/2013 | പീരുമേട്ടിലെ തോട്ടം തൊഴിലാളികളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | ജില്ലാ കളക്റ്റർ, ഇടുക്കി |

| | | | |
|---|---|---|---|
| 2. | സി.ആർ.എം.പി 15/01/എൽഎ1/2014 | കുട്ടികളുടെ സംരക്ഷണവും ആരോഗ്യപരിപാലനവും ഉറപ്പാക്കാത്ത ക്രഷുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്നും എല്ലാത്തരം ക്രഷുകളെപ്പറ്റിയും അവയുടെ നടത്തിപ്പിനുവേണ്ട മാനദണ്ഡങ്ങളെപ്പറ്റിയും പഠനം നടത്തുന്നതിനും ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സമിതി രൂപീകരിക്കണമെന്നുമുള്ള ശുപാർശ സംബന്ധിച്ച് | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| 3. | സി.ആർ.എം.പി 1452/01/എൽഎ1/2015 | കുട്ടികളുടെ നീന്തൽ പരിശീലനകേന്ദ്രങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകണമെന്ന ശുപാർശ സംബന്ധിച്ച് | സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 4. | സി.ആർ.എം.പി 2110/01/എൽഎ1/2015 | തിരുവനന്തപുരം ജില്ലയിലെ വലിയതുറ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസക്യാംപ് അവിടെനിന്നു മാറ്റണമെന്ന ശുപാർശ സംബന്ധിച്ച് | സെക്രട്ടറി, റവന്യൂ വകുപ്പ് |
| 5. | നമ്പർ 2872/എ3/2015 | കേരളത്തിലെ ജയിലുകളിൽ തടവുകാരായ അമ്മമാരോടൊപ്പം കഴിയുന്ന കുട്ടികളെ സംബന്ധിച്ച് | 1. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ്<br>2. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| 6. | സി.ആർ.എം.പി 3518/13/സി/2015 | കെ.എസ്.ആർ.ടി.സി. ബസുകളിൽ സീറ്റ് റിസർവേഷന് കുട്ടികളിൽ നിന്ന് മുഴുവൻ തുകയും ഈടാക്കുന്നത് സംബന്ധിച്ച് | മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി |
| 7. | സി.ആർ.എം.പി 3907/11/എൽഎ2/2015 | എയ്ഡഡ് സ്കൂൾ അധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജന പ്രതിനിധിയായാൽ ആ കാലയളവിൽ ശൂന്യവേതന അവധിയെടുക്കണമെന്നത് സംബന്ധിച്ച് | 1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്<br>2. പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| 8. | സി.ആർ.എം.പി 3970/01/എൽഎ1/2015 | റോളർ സ്കേറ്റിങ്ങിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ, അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട സംഘടനകളുടെ രജിസ്ട്രേഷൻ, അംഗീകാരം തുടങ്ങിയവ വ്യക്തമാക്കുന്ന മാർഗ്ഗരേഖ തയ്യാറാക്കുന്നതു സംബന്ധിച്ച് | സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ് |
| 9. | സി.ആർ.എം.പി 5655/01/എൽഎ3/2015 | ഡിഫ്തീരിയ തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പിനെ തിരെ കുപ്രചരണം നടത്തുന്ന വർക്കെതിരെ ശക്തമായ നിയമന ടപടികൾ സ്വീകരിക്കുവാനും ഇത്തരം കുപ്രചരണങ്ങൾ ജാമ്യ മില്ലാ കുറ്റമാക്കി നിയമനിർമ്മാണം നടത്തുവാനുമുള്ള ശുപാർശ | 1. സെക്രട്ടറി, ആരോഗ്യവകുപ്പ്<br>2. ഡയറക്ടർ,ആരോഗ്യവകുപ്പ്<br>3. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് |

| | | | |
|---|---|---|---|
| 10. | സി.ആർ.എം.പി 2446/05/എൽഎ1/2016 | കെ.എസ്.ആർ.റ്റി.സി മാത്രം സർവീസ് നടത്തുന്ന റൂട്ടുകളിൽ കുട്ടികൾക്ക് യാത്രസൗജന്യം അനുവദിക്കാത്തതു സംബന്ധിച്ച് | 1. സെക്രട്ടറി, ഗതാഗതവകുപ്പ്<br>2. ചെയർമാൻ & മാനേജിങ് ഡയറക്റ്റർ, കെ.എസ്.ആർ.റ്റി.സി |
| 11. | സി.ആർ.എം.പി 3522/08/എൽഎ2/2016 | സ്കൂൾ വർഷത്തിന്റെ തുടക്കത്തിലും അവസാനത്തിലും മാത്രമല്ല ഏതെങ്കിലും സമയം ഒരു വിദ്യാർത്ഥി പൊതു മേഖലയിലുള്ള ഗവ./എയ്ഡഡ് വിദ്യാലയങ്ങളിൽ ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ തേടിയാൽ അതിനായി എന്തു പ്രക്രിയയും രേഖകളും വേണമെന്നുള്ളതിനുള്ള നിർദ്ദേശങ്ങൾ വ്യക്തമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുകയും അപ്രകാരം നടപടി സ്വീകരിക്കാത്ത പ്രധാനാദ്ധ്യാപകർക്കും മാനേജ്മെന്റുകൾക്കുമെതിരെ ശക്തമായ നടപടി സമയ ബന്ധിതമായി സ്വീകരിക്കുകയും ചെയ്യണം. കുട്ടികൾക്ക് സ്കൂളിൽ അഡ്മിഷൻ നൽകിപ്പിക്കുന്നതിലും അവരെ പിരിച്ചു വിടീപ്പിക്കുന്നതിലും പി.റ്റി.എ.യ്ക്ക് എന്തെങ്കിലും പങ്കുണ്ടോ എന്നും വ്യക്തമാക്കുന്നതിനുള്ള ശുപാർശ | പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| 12. | സി.ആർ.എം.പി 4109/07/എൽഎ1/2016 | ഉപയോഗശൂന്യമായ ക്വാറികൾ, പാറമടകൾ എന്നിവ സംരക്ഷണ മതിൽ കെട്ടി അപകടങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച് | 1. സെക്രട്ടറി, റവന്യൂ വകുപ്പ്<br>2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 13. | സി.ആർ.എം.പി 5370/12/എൽഎ2/2016 | വയനാട് ജില്ലയിലെ കൂവണകുന്ന് പണിയകോളനിലെ അടിസ്ഥാനസൗകര്യങ്ങളുടെ വികസനം സംബന്ധിച്ച ശുപാർശ | 1. ജില്ലാ കളക്റ്റർ, വയനാട്<br>2. പട്ടികവർഗ്ഗ വികസന ഓഫീസർ, മാനന്തവാടി |
| 14. | സി.ആർ.എം.പി 5898/11/എൽഎ2/2016 | 18 വയസ്സിനുതാഴെയുള്ള കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്ത കാര്യങ്ങളിൽ ഏർപ്പെടുകയും അവരെ പോലീസ് പിടികൂടുകയും ചെയ്താൽ എല്ലാ നടപടികളും 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമ പ്രകാരം ശിശുസൗഹൃദപരമായി നടത്തുവാനും അവരെ ഉടനെ ജുവനൈൽ ജസ്റ്റിസ് ബോർഡിൽ ഹാജരാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണ മെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുറപ്പെടുവിക്കണം എന്ന ശുപാർശ. | അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് |
| 15. | സി.ആർ.എം.പി 6566/12/സി2/2017 | പ്ലസ് വൺ അഡ്മിഷൻ സമയത്ത് SC/ST വിദ്യാർത്ഥികളിൽ നിന്നും പി.റ്റി.എ. ഫണ്ട്, മെമ്പർഷിപ്പ് ആക്ടിവിറ്റി ഫണ്ട് ഇനങ്ങളിൽ പണം കൈപ്പറ്റിയത് | ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം |

## 6. ദുരിതം അനുഭവിക്കുന്നവരും പാർശ്വവത്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിലുള്ളവരുമായ കുട്ടികളുടെ പ്രശ്നങ്ങൾ

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികളുടെ ആവശ്യങ്ങൾക്ക് കമ്മീഷൻ പ്രത്യേകശ്രദ്ധ പതിപ്പിക്കുന്നുണ്ട്. പരാതികളുടെ രൂപത്തിലോ ബാലാവകാശ ലംഘനമായോ നിഷേധമായോ കമ്മീഷന്റെ ശ്രദ്ധയിൽ പെടുന്ന ഈ വിഭാഗത്തിലെ കുട്ടികളുടെ പ്രശ്നങ്ങൾ എല്ലാ വർഷവും പ്രത്യേക ശ്രദ്ധ നൽകി പരിഗണിച്ചുവരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികൾ നൽകുന്ന വ്യക്തിഗത പരാതികൾക്ക് ലഭിക്കുന്ന അനുകൂല ഉത്തരവുകൾക്ക് പുറമെയാണ് സമൂഹത്തെയാകെ ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങളിൻമേലുള്ള കമ്മീഷന്റെ നടപടി. ഇത്തരം സന്ദർഭങ്ങളിൽ സ്പെഷ്യൽ റിപ്പോർട്ടിന്റെയോ സന്ദർശന റിപ്പോർട്ടിന്റെയോ ചൈൽഡ് റൈറ്റ്സ് മിസലേനിയസ് പെറ്റീഷന്റെയോ (സി.ആർ.എം.പി) അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ടുകൾ നൽകുകയും അവയിൻമേൽ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി തുടർനിരീക്ഷണം നടത്തിവരികയും ചെയ്യുന്നു.

## 7. കമ്മീഷൻ സ്വീകരിച്ച മറ്റു നടപടികൾ

### 7.1 സംവാദം

കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ആഴത്തിൽ ഉൾക്കൊള്ളുന്നതിന് അവരുമായുള്ള ആശയവിനിമയം വളരെയധികം പ്രയോജനം ചെയ്യുമെന്നാണ് കമ്മീഷന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 (f)പ്രകാരം കമ്മീഷന്റെ പ്രവർത്തനങ്ങളിലും കുട്ടികളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളിലും സംഘടനകളിലും കുട്ടികളുടെ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ബഹുമാനിക്കുകയും കുട്ടികളുടെ അഭിപ്രായങ്ങൾക്ക് ഗൗരവതരമായ പ്രാധാന്യം നൽകുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

### 7.2 കൂടിയാലോചനായോഗങ്ങൾ

ബാലാവകാശസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതിപ്പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ വിവിധ കൂടിയാലോചനായോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ പറയുന്നു.

അലോസരമുണ്ടാക്കുന്ന സ്പർശനങ്ങൾ കുട്ടികളിൽ വരുത്തുന്ന ശാരീരിക-മാനസിക അസ്വസ്ഥതകളും വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി 2018 ഏപ്രിൽ 30-ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തിരുവനന്തപുരം സർക്കാർ അതിഥിമന്ദിരത്തിൽ ശില്പശാല സംഘടിപ്പിച്ചു.നല്ല സ്പർശവും ചീത്ത സ്പർശവും (Good Touch, Bad Touch)തിരിച്ചറിയുന്നതിനും സ്വയം സംരക്ഷിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും അദ്ധ്യാപകരെ ശാക്തീകരിക്കുകയും ചെയ്യുന്നതിന് വേണ്ടുന്ന നടപടികൾ കൈക്കൊള്ളുന്നതുമായി ബന്ധപ്പെട്ടാണ് ശിൽപശാല സംഘടിപ്പിച്ചത്.

ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി. നായർ മുഖ്യപ്രഭാഷണവും ആക്ടിംഗ് ചെയർപേഴ്സൺ സി.ജെ. ആന്റണി ആമുഖപ്രഭാഷണവും നടത്തി. കമ്മീഷൻ അംഗങ്ങളായ ഡോ. എം.പി. ആന്റണി, ശ്രീല മേനോൻ എൻ, സി. ബിജി ജോസ്, സെക്രട്ടറി അനിത ദാമോദരൻ, എൻ. നന്ദകുമാർ, ഡോ. ജെ. പ്രസാദ്, ഷാജി മാലിപ്പാറ, ജിമ്മി കെ. ജോസ്, ഡോ. എസ്. ജയലക്ഷ്മി, രേഖ എസ്, ഡോ.ഹേമലത, ഡോ. മോഹൻ റോയ് എന്നിവർ പ്രസംഗിച്ചു.

സ്കൂളുകളിൽ കുട്ടികൾക്കിടയിൽ കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം അനുദിനം വർദ്ധിച്ചുവരുന്നതായി, കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ നിന്നും വ്യക്തമാകുന്ന സാഹചര്യത്തിൽ സ്കൂൾ പരിസരം ലഹരിവിമുക്തമാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കൂടിയാലോചനായോഗം നടത്തി.

മഹാരാഷ്ട്ര സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനുമായി 04-05-2018-ൽ യോഗം ചേർന്നു.

ബാലാവകാശ സംരക്ഷണത്തിന് നിയമപരമായി നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും കേസിന്റെ റിപ്പോർട്ടിംഗിലും നടപടികളിലും വലിയ തോതിലുള്ള വീഴ്ച വന്നിട്ടുള്ളതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ പോക്സോ കേസുകളുടെ റിപ്പോർട്ടിംഗ്, തുടർ നടപടി, കുട്ടിയുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ഒരു ബോധവൽക്കരണ ക്ലാസ് 25-05-2018-ൽ സംഘടിപ്പിച്ചു.

### 7.2.1. സോഷ്യൽ ഓഡിറ്റിംഗ്

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ സേവനവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി

ദേശീയ-സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ പ്രസ്തുത സ്ഥാപന ങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണെന്ന ബഹു. സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനുവേണ്ടി ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി സുശീല ഗോപാലൻ സൊസൈറ്റി ഫോർ ജൻഡർ ആന്റ് ലീഗൽ സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. സ്ഥാപനങ്ങളുടെ സോഷ്യൽ ആഡിറ്റ് നടന്നു വരുന്നു.

## 7.3 ഊരുണർത്തൽ

കണ്ണൂർ ജില്ലയിലെ ആറളം ട്രൈബൽ റിഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷന്റെ ഭാഗമായ ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളിൽ കേരള സംസ്ഥാന ബാലാവകാശസംരക്ഷണകമ്മീഷന്റെ ആഭിമുഖ്യത്തിൽ 07-12-2018-ൽ'ഊരുണർത്തൽ' എന്ന പേരിൽ സംവാദം സംഘടിപ്പിച്ചു.

ഇടുക്കി ജില്ലയിലെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയിൽ നിരവധി കുട്ടികൾ സ്കൂളിൽ പോകാതെ വീടുകളിൽ കഴിയുന്നതായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2019-20 അദ്ധ്യയന വർഷത്തിൽ എല്ലാ കുട്ടികളും സ്കൂളിൽ പോകുന്നത് ഉറപ്പുവരുത്തുന്നതിനു വേണ്ട നടപടികളുടെ ഭാഗമായി ഈ പഞ്ചായത്തിലെ കുട്ടികളുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി ഒരുസർവ്വേ തൊടുപുഴ വഴിത്തല ശാന്തിഗിരി കോളേജിന്റെ സഹകരണത്തോടെ 20-03-2019 മുതൽ 24-03-2019 വരെ തീയതികളിൽ നടത്തുകയും 121 കുട്ടികൾ വിവിധ കാരണങ്ങളാൽ സ്കൂളിൽ പോകാ ത്തവരായി ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തു.

## 7.4 സന്ദർശനങ്ങൾ

പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിലുള്ളവരുമായ കുട്ടികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തേണ്ടതും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടിക ളുടെ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതും കമ്മീഷന്റെ കർത്തവ്യങ്ങളാ ണ്.ഇത്തരം പ്രശ്നങ്ങൾ നേരിൽക്കണ്ട് വിലയിരുത്തുന്നതും ബന്ധപ്പെട്ട പദ്ധതിപ്പങ്കാളികളെയും ജനപ്രതിനിധികളെയും സന്നദ്ധസംഘടനാപ്രതിനിധികളെയും ഉൾപ്പെടുത്തി പ്രശ്നങ്ങളുടെ സങ്കീർണ്ണതകൾ ആഴത്തിൽ പഠിക്കുകയും അവയ്ക്ക് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുന്നതും കമ്മീഷന്റെ

കർത്തവ്യമാണ്. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ നിരവധി സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം സന്ദർശനവേളകളിൽ ജില്ലാ ആസ്ഥാനത്ത് പദ്ധതിപ്പങ്കാളികളെ ക്ഷണിച്ചുവരുത്തി അവരുടെ അഭിപ്രായങ്ങൾകേൾക്കാനും കമ്മീഷൻ സമയം കണ്ടെത്തുന്നുണ്ട്. ബാലാവകാശസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും സന്നദ്ധസംഘടനകളും ഉന്നയിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം ജില്ലകളിലെ പ്രത്യേക പരിതസ്ഥിതിയും ആവശ്യങ്ങളും മനസ്സിലാക്കാനും ഇത്തരം യോഗങ്ങളിലൂടെ കഴിയുന്നു.

സംവാദം ഉൾപ്പെടെയുള്ള പരിപാടികൾക്കായി വിവിധ ജില്ലകളിൽ സന്ദർശനം നടത്തുന്ന വേളയിൽ കുട്ടികളെ പാർപ്പിച്ചിരിക്കുന്ന വിവിധ ഹോമുകളും ഹോസ്റ്റലുകളും മറ്റും സന്ദർശിക്കുന്നതിനും അവരുടെ പരാതികളും അഭിപ്രായങ്ങളും നേരിട്ടു കേൾക്കുന്നതിനും കമ്മീഷൻ പ്രത്യേകശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. കമ്മീഷന് ലഭിക്കുന്ന പരാതിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ നേരിട്ട് പരിശോധിക്കുന്നതിനും ഇത്തരം സന്ദർശനങ്ങൾ അവസരമൊരുക്കുന്നു.

## 8. നിരീക്ഷണ അധികാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്. മേൽപ്പറഞ്ഞ ഓരോ ആക്റ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

### 8.1 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള പ്രവർത്തനങ്ങൾ

8.1.1. ആർ.റ്റി.ഇ. ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം സംബന്ധിച്ച നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുമായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വഹണത്തിനായി കമ്മീഷനിൽ ഒരു ആർ.റ്റി.ഇ.സെൽ രൂപീകരിച്ചിട്ടുണ്ട്. ആർ.റ്റി.ഇ. സെല്ലിന്റെ മുഖ്യചുമതലകൾ ചുവടെ ചേർക്കുന്നു:-

- 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുന്നതനുസരിച്ച് ആർ.റ്റി.ഇ. ആക്റ്റിലെ വ്യവസ്ഥകളും അതുപ്രകാരമുള്ള ഭൗതിക സൗകര്യ ങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക, വിദ്യാർത്ഥി-അധ്യാപക അനുപാതം അനുസരിച്ചുള്ള അധ്യാപകരുടെ നിയമനം, കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം തുടങ്ങി ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ വ്യവസ്ഥകളും പരമാവധി ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
- വിവിധ പദ്ധതിപ്പങ്കാളികൾക്കിടയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവ കാശം ഭരണഘടനാപരമായി അവരുടെ മൗലികാവകാശമാണെന്ന അവ ബോധം കൂടുതൽ സൃഷ്ടിക്കുകയും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവ ശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുക.
- കമ്മീഷന് നേരിട്ട് ലഭിക്കുന്ന പരാതികളുടെയും സ്വമേധയാ കൈക്കൊള്ളുന്ന നടപടികളുടേയും അടിസ്ഥാനത്തിൽ നടത്തുന്ന അന്വേഷണവിചാരണയിൽ പരിഹാരം ആവശ്യമായ കാര്യങ്ങളിൽ സർക്കാരിനും വിദ്യാഭ്യാസവകുപ്പിനും ശുപാർശകൾ നൽകുന്നതിനു വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുക.
- വിദ്യാഭ്യാസ അവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നത് നിരീക്ഷി ക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസം, ഹയർ സെക്കൻഡറി, വൊക്കേ ഷണൽ ഹയർ സെക്കൻഡറി വകുപ്പുകൾ, എസ്.എസ്.എ., ആർ.എം.എസ്. എ., എസ്.സി.ഇ.ആർ.റ്റി., തദ്ദേശസ്വയംഭരണം (പഞ്ചായത്ത്/നഗരകാര്യ വകു പ്പുകൾ), പട്ടികജാതി/പട്ടികവർഗ്ഗ വികസനം തുടങ്ങിയ പദ്ധതിപ്പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ത്രൈമാസ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുക.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, പ്രത്യേക പരിഗ ണന ലഭിക്കേണ്ട കുട്ടികൾ, പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾ എന്നിവരുടെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പുവരുത്തുക.

## 8.2 ലൈംഗിക അതിക്രമങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള പ്രവർത്തനങ്ങൾ

2012-ലെ പോക്സോ നിയമത്തിലെ 44-ാം വകുപ്പുപ്രകാരം സംസ്ഥാനത്ത് നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷണ ചുമതല സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ ഫലപ്രദ മായി തടയുന്നതിനായുള്ള കർശന നിയമവ്യവസ്ഥകൾ 2012-ലെ പോക്സോ നിയമ ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്ന

തിനും കൃത്യമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനും കമ്മീഷൻ പ്രധാന പങ്ക് വഹിക്കുന്നു. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവും സാമൂഹികപരവുമായ വികാസം സാധ്യമാക്കുന്നതോടൊപ്പം സ്നേഹപൂർണ്ണവും ശിശുസൗഹാർദ്ദപരവുമായ സമീപനം നിയമപരമായ നടപടികളും വിചാരണവേളകളിലും ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് പോക്സോ നിയമ നിർമ്മാണം പാർലമെന്റ് നടത്തിയിട്ടുള്ളത്.

കമ്മീഷന്റെ നിരീക്ഷണത്തിന്റെ ഭാഗമായി പോലീസ് വിഭാഗം, ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യൂ.സി), പ്രത്യേക കോടതികൾ (സ്പെഷ്യൽ കോടതികൾ) എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുകയും യഥാക്രമം റിപ്പോർട്ടുകൾ ശേഖരിച്ച് വിശകലനം ചെയ്യുകയും ചെയ്യുന്നു. ഇതിനുപുറമെ, കുറ്റകൃത്യത്തിനിരയാകുന്ന കുട്ടികൾക്ക് പോക്സോ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കേരള വിക്റ്റിം കോംപൻസേഷൻ സ്കീമിൽനിന്ന് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് നഷ്ടപരിഹാര വിതരണച്ചുമതലയുള്ള ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളിൽനിന്ന് കമ്മീഷൻ ശേഖരിക്കുകയും കുട്ടികൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

## സംസ്ഥാന പോലീസിൽനിന്ന് ലഭ്യമായ വിവരങ്ങൾ

പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് വിഭാഗം നിർണായക പങ്ക് വഹിച്ചുവരുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ കുട്ടികളുടെ ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനുമാത്രമായി നിയമിച്ചിരിക്കുന്നു (സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസർ). കുട്ടികൾ ഉൾപ്പെടുന്നതും, കുട്ടികളെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നതുമായ എല്ലാ കേസുകളും സംഭവങ്ങളും സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസറുടെ (എസ്.ജെ.പി.ഒ.) ശ്രദ്ധയിൽ വരേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്. കേരളത്തിൽ കുട്ടികളുടെ നീതി ഉറപ്പുവരുത്തുന്നതിനും ബാലസൗഹൃദ അന്തരീക്ഷം കൈവരിക്കുന്നതിനുമായി സംസ്ഥാനത്തെ 6 പോലീസ് സ്റ്റേഷനുകൾ ബാലസൗഹൃദ പോലീസ് സ്റ്റേഷനുകളായി പുനർനിർമിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ഫോർട്ട്
2. കൊല്ലം ഈസ്റ്റ്
3. എറണാകുളം കടവന്ത്ര
4. തൃശ്ശൂർ ഈസ്റ്റ്
5. കോഴിക്കോട് ടൗൺ
6. കണ്ണൂർടൗൺ

പോക്സോ കേസുകൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന തിനായി സംസ്ഥാന പോലീസുമായി ചേർന്ന് ഒരു പ്രൊഫോർമയിൽ വിവരശേഖരണ സംവിധാനം കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ നിയമപ്രകാരമുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ തയ്യാറാക്കിയ നിശ്ചിതമാതൃകയിലുള്ള ഘടന യിൽജില്ലകളിൽ നിന്ന് ശേഖരിച്ച് കമ്മീഷന് ലഭ്യമാക്കാൻ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിലെ പോലീസ് ഇൻസ്പെക്ടർ ജനറലിനെ സംസ്ഥാന പോലീസ് മേധാവി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വിവരങ്ങൾ ലഭ്യമാകുന്നതിൽ പുരോഗതി ഉണ്ടെങ്കിലും ചില കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുന്നു.

**2013 മുതൽ 2018 വരെ**
**റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ**




2018 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്തൊട്ടാകെ 3185 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പോലീസിൽനിന്ന് ലഭ്യമായ വിവരങ്ങളെ അപഗ്രഥിച്ചതിൽനിന്നും പോക്സോ കുറ്റകൃത്യങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള താര തമ്യം താഴെ കാണിക്കും പ്രകാരമാണ്.




മേൽപ്പറഞ്ഞ കാലയളവിൽ ലഭ്യമായ 3185 കേസുകൾ കമ്മീഷൻ വിശകലനം ചെയ്തതിൽ കുറ്റകൃത്യം ചെയ്ത 3654 പ്രതികളിൽ 610 പേർ കുട്ടികൾക്ക് അടുത്തറിയാവുന്നവരാണെന്ന് വ്യക്തമാകുകയുണ്ടായി. ഇതിൽ അയൽക്കാർ 696 പേർ (19%), കുടുംബാംഗങ്ങൾ[1] 353 (10%), ബന്ധുക്കൾ[2] 255 (8%), വാൻ-ബസ്-ഓട്ടോ ഡ്രൈവർമാർ 88 (2%), കമിതാക്കൾ 479 (13%), സുഹൃത്തുക്കൾ 302 (8%), അദ്ധ്യാപകർ[3] 133 (4%), പരിചയക്കാർ[4] 610 (17%) എന്നിങ്ങനെയാണ് കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം. ഇതിൽനിന്നും കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ മാതാപിതാക്കളും, സർക്കാരും, പോലീസും, പൊതുസമൂഹവും ഒരുപോലെ ഉത്തരവാദിത്വപ്പെട്ടിരിക്കുന്നുവെന്നും അത്തരം ഉത്തരവാദിത്വം വീഴ്ച കൂടാതെ നിർവ്വഹിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ സുരക്ഷിതത്വവും വികാസവും നമുക്ക് ഉറപ്പാക്കാനാകൂ എന്നും വെളിവാകുന്നു.

സംസ്ഥാന പോലീസ് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, 7 ശതമാനം കുറ്റവാളികൾ കുറ്റകൃത്യത്തിന് ഇരയായ കുട്ടികൾക്ക് നേരിട്ട് പരിചയം ഇല്ലാത്തവരാണ്.ഇതിൽ ബന്ധം വ്യക്തമല്ലാത്ത (പോലീസ് നൽകിയ റിപ്പോർട്ടിൽ ബന്ധം വ്യക്തമാക്കിയിട്ടില്ല) 439 പേരും (12%) ഉൾപ്പെടുന്നു. ലൈംഗികകുറ്റകൃത്യങ്ങൾക്ക് വഴിവെയ്ക്കാവുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്ക

---

[1] അച്ഛൻ, രണ്ടാനച്ഛൻ, സഹോദരൻ, അമ്മ, വളർത്തച്ഛൻ, അർദ്ധസഹോദരൻ, മുത്തച്ഛൻ

[2] അമ്മാവൻ, സഹോദരീഭർത്താവ്, മുത്തച്ഛന്റെ സഹോദരൻ, അമ്മയുടെ അമ്മാവൻ, അച്ഛന്റെ സഹോദരപുത്രൻ

[3] സ്കൂൾ-ട്യൂഷൻ-മത അദ്ധ്യാപകർ

[4] ഡ്രൈവർ, ബസ് ഡോർ ചെക്കർ/ക്ലീനർ, കണ്ടക്ടർ, അമ്മയുടെ കാമുകൻ, കെയർ ടേക്കർ, അച്ഛന്റെ സുഹൃത്ത്, ഡോക്ടർ, കടയുടമ, പ്യൂൺ

രിക്കേണ്ടതും അത്തരം പ്രശ്നങ്ങളിൽ അകപ്പെടാതിരിക്കുവാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അവരെ ജാഗരൂകരാക്കേണ്ടതും ഏറ്റവും അത്യന്താപേക്ഷിതവും സമൂഹത്തിന്റെ പൊതു ഉത്തരവാദിത്തവുമാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ശാശ്വതവും സമാധാനപൂർണ്ണവും കെട്ടുറപ്പുള്ളതുമായ കുടുംബാന്തരീക്ഷവും ബന്ധങ്ങളും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയാണ് ഇത്തരം കുറ്റകൃത്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.

### കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം




### കുട്ടികളുടെ പ്രായം മാനദണ്ഡമാക്കിയുള്ള വിശകലനം



15-18 പ്രായപരിധിയിലുള്ള 1623 (50%) കുട്ടികളും, 10-14 പ്രായപരിധിയിലുള്ള 1112 (34%) കുട്ടികളും കഴിഞ്ഞ വർഷം ലൈംഗികാതിക്രമത്തിന് ഇരയായി. കൗമാരക്കാരായ കുട്ടികൾക്കുമേൽ മാതാപിതാക്കളും അധികാരികളും സവിശേഷശ്രദ്ധ നൽകേണ്ടതിന്റെ ആവശ്യകതയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

പ്രതികളിൽ 94% (3448) പുരുഷന്മാരും 4% (125) പേർ സ്ത്രീകളുമാണ്. (പോലീസിന്റെ റിപ്പോർട്ടിൽനിന്ന് 2% (81) പേരുടെ വിവരങ്ങൾ വ്യക്തമല്ല).

### പ്രതികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശകലനം




## ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ

പോക്സോ നിയമം നടപ്പാക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന മറ്റൊരുവിഭാഗം ചൈൽഡ് വെൽഫെയർ കമ്മിറ്റി(സി.ഡബ്ല്യൂ.സി.)കളാണ്. പോക്സോ കുറ്റകൃത്യങ്ങൾ പോലീസ്, സി.ഡബ്ല്യൂ.സി.കൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇവയിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളെ നിർബന്ധമായും സി.ഡബ്ല്യൂ.സി. മുമ്പാകെ പോലീസ് ഹാജരാക്കേണ്ടതുമാണ്. കുട്ടിക്ക് സഹായത്തിന് ആവശ്യമായ ഒരു വ്യക്തിയെ (സപ്പോർട്ട് പേഴ്സൺ) ചുമതലപ്പെടുത്തേണ്ടതും സി.ഡബ്ല്യൂ.സി.യുടെ ഉത്തരവാദിത്വമാണ്. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതും അവരുടെ ശ്രദ്ധയ്ക്കായി വ്യക്തിഗത സംരക്ഷണപദ്ധതി (ഇൻഡിവിഡ്യുൽ കെയർ പ്ലാൻ) ആവിഷ്കരിക്കാൻ ബന്ധപ്പെട്ട ബാലസംരക്ഷണ മന്ദിരത്തിന്റെ സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതും കുട്ടിയുടെ പുനര

ധിവാസം നടത്തുന്ന വേളയിൽ ഇത് നടപ്പാക്കുന്ന കാര്യം വിലയിരുത്തുന്നതും സി.ഡബ്ല്യൂ.സിയിൽ നിക്ഷിപ്തമായ ചുമതലകളാണ്.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾസംബന്ധിച്ച വിവരം പോക്സോ നിയമം 19(6) വകുപ്പ്, പോക്സോ ചട്ടം 4(3) അനുശാസിക്കുന്നപ്രകാരം പോലീസ് നിർബന്ധമായും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചപ്രകാരം 3185 കേസുകൾ സംബന്ധിച്ച വിവരമാണ് കമ്മീഷന് പോലീസ് ലഭ്യമാക്കിയത്. എന്നാൽ, ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്ന് കമ്മീഷൻ ശേഖരിച്ച വിവരത്തിൽ1309 കേസുകളെ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പോക്സോ ആക്റ്റ് പ്രകാരമുള്ള മുഴുവൻ കേസുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് പോലീസ് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

14 ജില്ലകളിലായി 14 ചൈൽഡ് വെൽഫയർ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. പോക്സോ നിയമപ്രകാരം കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ പോലീസ് റിപ്പോർട്ട് ചെയ്താൽ 24 മണിക്കൂറിനുള്ളിൽ കുട്ടിയെ പോലീസ് മുഖാന്തിരം ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ 1309 കേസുകൾ ചൈൽഡ് വെൽഫയർ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തതിൽ 261 കേസുകൾ മാത്രമാണ് 24 മണിക്കൂറിനുള്ളിൽ പോലീസ് മുഖാന്തിരം കുട്ടിയെ സി.ഡബ്ല്യൂ.സി. മുമ്പാകെ ഹാജരാക്കിയിട്ടുള്ളത്. ഇത്തരം നടപടികൾ പോലീസിന്റെ ഭാഗത്തെ വീഴ്ചയും നിയമലംഘനവുമാണെന്ന് അനുമാനിക്കാം.

**ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പോലീസും നൽകിയ ആകെ കേസുകളുടെ വിവരം**



## പോലീസ് മുഖാന്തിരം കുട്ടികളെ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കിയതിന്റെ വിശദാംശം




## കുട്ടികളുടെ കോടതിയിൽനിന്ന് ലഭ്യമായ വിവരങ്ങൾ

പോക്സോ കേസുകളുടെ വിചാരണവിവരങ്ങൾ പ്രത്യേക കോടതികളുമായി ബന്ധപ്പെട്ട് ശേഖരിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി കമ്മീഷന് ലഭിച്ചിട്ടുണ്ട്.

## കുട്ടികളുടെ കോടതി/പ്രത്യേക കോടതികളിലെ പോക്സോ കേസുകൾ സംബന്ധിച്ച 2018 വർഷത്തെ സ്ഥിതിവിവര കണക്ക്

| കുട്ടികളുടെ കോടതി/ പോക്സോ പ്രത്യേക കോടതി | ആകെ കേസുകളുടെ എണ്ണം | തീർപ്പാക്കിയ കേസുകൾ | | തീർപ്പാക്കിയ കേസുകളിൽ | | | | തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | ശിക്ഷിച്ചവ | വെറുതെ വിട്ടവ | 5 & 6 കോളങ്ങളിൽ പറയുന്ന വിധമല്ലാതെ തീർപ്പായവ | *നഷ്ടപരിഹാരം അനുവദിക്കപ്പെട്ട കേസുകളുടെ എണ്ണം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| തിരുവനന്തപുരം | 1166 | 135 | 11.6 | 105 | 15 | 15 | 0 | 977 |
| കൊല്ലം | 710 | 281 | 39.6 | 258 | 21 | 2 | 0 | 429 |
| പത്തനംതിട്ട | 293 | 76 | 25.9 | 51 | 23 | 2 | 1 | 224 |
| ആലപ്പുഴ | 305 | 88 | 28.9 | 82 | 10 | 4 | 0 | 217 |
| കോട്ടയം | 538 | 51 | 9.5 | 20 | 17 | 7 | 0 | 487 |
| തൊടുപുഴ (ഇടുക്കി) | 513 | 72 | 14.0 | 36 | 9 | 27 | 0 | 486 |
| എറണാകുളം | 517 | 157 | 30.4 | 118 | 30 | 9 | 7 | 360 |
| തൃശ്ശൂർ | 713 | 22 | 3.1 | 9 | 4 | 7 | 1 | 693 |
| പാലക്കാട് | 469 | 124 | 26.4 | 105 | 17 | 2 | 0 | 345 |
| മഞ്ചേരി (മലപ്പുറം) | 688 | 37 | 5.4 | 12 | 14 | 11 | 15 | 651 |
| കോഴിക്കോട് | 495 | 155 | 31.3 | 128 | 14 | 13 | 8 | 340 |
| കല്പറ്റ (വയനാട്) | 299 | 93 | 31.1 | 80 | 13 | 0 | 15 | 206 |
| തലശ്ശേരി (കണ്ണൂർ) | 552 | 41 | 7.4 | 21 | 16 | 5 | 0 | 511 |
| കാസർഗോഡ് | 354 | 85 | 24.0 | 63 | 21 | 1 | 20 | 269 |
| **ആകെ** | **7612** | **1417** | **18.6** | **1088** | **224** | **105** | **67** | **6195** |

* 2018-ൽ കുട്ടികൾക്ക് നഷ്ടപരിഹാരം നൽകാൻ കോടതി ഉത്തരവിട്ട കേസുകൾ.

പോക്സോ ആക്റ്റ്, 2012-ൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിൽ കേസുകൾ തീർപ്പാക്കുന്നതിൽ ഉള്ള കാലതാമസം, വിക്റ്റിം കോംപൻസേഷൻ സ്കീമിനെക്കുറിച്ചുള്ള ബോധവൽക്കരണം, കോടതികളിലെ ബാലസൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തൽ എന്നിവ സംബന്ധിച്ച കമ്മീഷന്റെ ആശങ്കകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി പങ്കുവയ്ക്കുകയും ഇതിനാവശ്യമായ ഘടകങ്ങൾ ചേർത്തുകൊണ്ട് പ്രസ്തുത കർത്തവ്യവാഹകരെ ഉൾപ്പെടുത്തി കൂടിയാലോചനായോഗം സംഘടിപ്പിക്കുകയും ചെയ്തു.

## പോക്സോ നിയമത്തിന്റെ നടത്തിപ്പിൽ കമ്മീഷൻ നേരിടുന്ന വെല്ലുവിളികൾ

- നിരീക്ഷണ പ്രക്രിയയുടെ ഫലമായി വിവിധ കർത്തവ്യവാഹകരിൽ നിന്ന് കമ്മീഷന് ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത്, കണ്ടെത്തുന്ന പോരായ്മ കൾ സർക്കാരിന്റെയും, പോലീസ്, കോടതി, ബന്ധപ്പെട്ട മറ്റ് അധികാരികൾ എന്നിവരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും പോക്സോ നിയമവുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ നൽകു കയും ചെയ്തുവരുന്നു. എന്നാൽ സമയബന്ധിതമായി പ്രശ്നങ്ങൾ പരിഹരിക്ക പ്പെടുന്നില്ലായെന്നതും ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് വേണ്ട സഹകരണം ലഭി ക്കുന്നില്ലായെന്നതുമാണ് കമ്മീഷൻ നേരിടുന്ന പ്രധാന വെല്ലുവിളി.
- പോക്സോ കേസുകളുടെ നടത്തിപ്പിൽ പങ്കാളികളാവുന്ന കർത്തവ്യവാഹകരിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഏകീകൃത സ്വഭാവത്തിലുള്ളതല്ലായെന്നതിനാലും പ്രൊഫോർമയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും ലഭിക്കാതിരിക്കുന്ന തിനാലും കമ്മീഷൻ ശേഖരിക്കുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷന് കഴിയാതെ വരുന്നു.
- പോക്സോ ആക്റ്റ്, 2012-ൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിൽ സ്പെഷ്യൽ കോടതികളിൽ കേസുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പാക്കുന്നതിൽ നിലനിൽക്കുന്ന അവ്യക്തത, കോടതികളിലെ ബാലസൗഹൃദാന്തരീക്ഷത്തിന്റെയും പോക്സോ കേസു കൾക്കു മാത്രമായി പരിശീലനം സിദ്ധിച്ച സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂ ട്ടർമാരുടെയും അഭാവം എന്നിവ ഈ ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിലെ വെല്ലുവിളികളായി കണ്ടെത്തിയിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

25-05-2018 തീയതിക്ക് കമ്മീഷന്റെ നേതൃത്വത്തിൽ ചേർന്ന കൂടിയാലോ ചനായോഗത്തിൽ സംസ്ഥാനത്ത് പോക്സോ നിയമ നടത്തിപ്പിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര നടപടികൾക്കായുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയു മുണ്ടായി. പ്രായോഗിക രംഗത്ത് നേരിടുന്ന പ്രയാസങ്ങളും സാങ്കേതിക പ്രശ്നങ്ങളും പരിഹരിക്കപ്പെടണമെങ്കിൽ നിരന്തരമായ കൂടിയാലോചനകളും അഭിപ്രായ രൂപീകര ണവും അനിവാര്യമാണ്. പ്രത്യേക പോക്സോ കോടതി, പോലീസ്, പ്രോസിക്യൂഷൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ബാലനീതി ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ചൈൽഡ് ലൈൻ, ജില്ലാ-സംസ്ഥാന നിയമ സേവന അധികാരികൾ എന്നീ കർത്തവ്യവാഹകരാണ് പ്രധാനമായും നിയമ നടത്തിപ്പിൽ ദൈനംദിനം പങ്കാളികളാകു

ന്നത്. നിയമ നടത്തിപ്പിന്റെ ഓരോ ഘട്ടങ്ങളിലും പങ്കാളികളാകുന്ന മേൽപ്പറഞ്ഞവരുടെ ഏകോപനവും പരസ്പര കൂട്ടായ്മയും നിയമത്തിന്റെ ലക്ഷ്യപ്രാപ്തിക്ക് അനിവാര്യ മാണ്.

**25-05-2018-ൽ സംഘടിപ്പിച്ച കൂടിയാലോചനായോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ട നടപടികൾ**

1. കേരളത്തിലെ ആറു പോലീസ് സ്റ്റേഷനുകൾ ബാലസൗഹൃദ പോലീസ് സ്റ്റേഷനുകളായി പുനർ നിർമ്മിച്ചതായി പോലീസ് വകുപ്പിൽനിന്നും അറിയിപ്പ് ലഭിച്ചിരിക്കുന്നു.
2. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ ബാലസൗഹൃദപരമായി കൈകാര്യം ചെയ്യുന്നതിനായി ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന ക്രമത്തിൽ സ്പെഷ്യൽ ജുവനൈൽ പോലീസിനെ നിയമിക്കുകയുണ്ടായി.

## 8.3 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് (ജെ.ജെ. ആക്റ്റ്)

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 104-ാം വകുപ്പ് പ്രകാരം ഈ കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കു ന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് മേൽപ്പറഞ്ഞ നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമ ത്തിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാന ത്തിലാണ് കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടത്. അപ്ര കാരമുള്ള സംസ്ഥാന ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ ജെ.ജെ. സെൽ രൂപം കൊണ്ടത് 2019 ജൂൺ മാസമാണ്, എന്നാൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നടത്തി കൊണ്ടിരുന്നത് പോക്സോ സെല്ലാണ്.2018-2019 കാലയളവിൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്ന് പ്രവർത്തനങ്ങളിലാണ് കമ്മീഷൻ ശ്രദ്ധ ചെലുത്തിയിരുന്നത്.

- ഫോസ്റ്റർ കെയർ
- ബാലസംരക്ഷണ സമിതി (സി.പി.സി.) കളുടെ ശാക്തീകരണം
- ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റ്

### 8.3.1. ഫോസ്റ്റർ കെയർ

ഫോസ്റ്റർ കെയർ ശാക്തീകരണവുമായി ബന്ധപ്പെട്ട് ശിൽപ്പശാലകൾ നടത്തുകയും ഇതിന്റെ അവബോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും കൂടാതെ തിയേറ്ററുകളിൽ ഹ്രസ്വചിത്രങ്ങൾ പ്രദർശനം നടത്തുകയും ചെയ്തിട്ടുണ്ട്.

### 8.3.2. ബാലസംരക്ഷണ സമിതി (സി.പി.സി.) കളുടെ ശാക്തീകരണം

സ്വന്തം കുടുംബത്തിൽപ്പോലും കുട്ടികൾ സുരക്ഷിതരല്ലെന്ന വാർത്തകളാണ് ഈയിടെ കേരളീയ സമൂഹം കേട്ടുകൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് ഭയരഹിതമായും നിഷ്കളങ്കമായും ജീവിക്കാൻ കഴിയുന്ന അവസ്ഥ ഒരുക്കികൊടുക്കേണ്ട ഉത്തരവാദിത്വം സമൂഹത്തിലെ ഓരോ വ്യക്തിയ്ക്കുമുണ്ട്. കുട്ടികളുടെ അവകാശ ഉടമ്പടി അന്താരഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിലെ അനുച്ഛേദം 19 പ്രകാരം മാതാപിതാക്കളിൽ നിന്നോ, രക്ഷിതാക്കളിൽ നിന്നോ ഉണ്ടാകാവുന്ന അതിക്രമങ്ങൾ, ലൈംഗികവും അല്ലാത്തതുമായ ചൂഷണം, അവഗണന എന്നിവയിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം ഭരണകൂടം ഉറപ്പുവരുത്തണം.കൂടുതൽ കരുതലും ശ്രദ്ധയും ആവശ്യമുള്ള ശിശു പ്രായത്തിൽ കുടുംബങ്ങളിലും സമൂഹത്തിലുമുള്ള മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, വർഗ്ഗീയ- രാഷ്ട്രീയ സംഘട്ടനങ്ങൾ തുടങ്ങി വിവിധ കാരണങ്ങൾ കുട്ടികളുടെ സുരക്ഷിതത്വത്തിന് വെല്ലുവിളി ഉയർത്തുന്നുണ്ട്.ഓരോ പ്രദേശത്തും വ്യത്യസ്തമായ സാമൂഹ്യ  സാഹചര്യങ്ങളാണ് നിലനിൽക്കുന്നത് എന്നതിനാൽ സമീപനവും വ്യത്യസ്തമായിരിക്കണം. ആയതിനാൽത്തന്നെ കുട്ടികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ ഓരോ ജില്ലയിലും പ്രത്യേകം പ്രത്യേകം നടപ്പിലാക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ, കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംയോജിതശിശുസംരക്ഷണപദ്ധതി(ICPS)-യിലൂടെയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. കേന്ദ്ര-വനിതാ ശിശുവികസന മന്ത്രാലയം പുറത്തിറക്കിയ ഐ.സി.പി.എസ്. ന്റെ മാർഗ്ഗരേഖയുടെ 6-ാം അദ്ധ്യായത്തിൽ ബാലസംരക്ഷണ സമിതികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ആധികാരികമായി രേഖപ്പെടുത്തിയിട്ടുണ്ട്.

**കേരളത്തിലെ തദ്ദേശസ്വയംഭരണ സർക്കാരുകളുടെ സ്ഥിതി വിവര കണക്ക്**

| | |
|---|---|
| ജില്ലാ പഞ്ചായത്തുകൾ | - 14 |
| കോർപ്പറേഷനുകൾ | - 6 |
| മുനിസിപ്പാലിറ്റികൾ | - 87 |
| ബ്ലോക്ക് പഞ്ചായത്തുകൾ | - 152 |
| ഗ്രാമപഞ്ചായത്തുകൾ | - 941 |

### ജില്ല അടിസ്ഥാനത്തിലുള്ള സ്ഥിതിവിവര കണക്ക്

| ജില്ലയുടെ പേര് | കോർപ്പറേഷൻ | നഗരസഭ | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|
| തിരുവനന്തപുരം | 1 | 4 | 11 | 73 |
| കൊല്ലം | 1 | 4 | 11 | 68 |
| പത്തനംതിട്ട | | 4 | 8 | 53 |
| ആലപ്പുഴ | | 6 | 12 | 72 |
| കോട്ടയം | | 6 | 11 | 71 |
| ഇടുക്കി | | 2 | 8 | 52 |
| എറണാകുളം | 1 | 13 | 14 | 82 |
| തൃശ്ശൂർ | 1 | 7 | 16 | 86 |
| പാലക്കാട് | | 7 | 13 | 88 |
| മലപ്പുറം | | 12 | 15 | 94 |
| കോഴിക്കോട് | 1 | 7 | 12 | 70 |
| വയനാട് | | 3 | 4 | 23 |
| കണ്ണൂർ | 1 | 9 | 11 | 71 |
| കാസർഗോഡ് | | 3 | 6 | 38 |
| ആകെ | **6** | **87** | **152** | **941** |

മേൽ വിവരിച്ചതുപോലെ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുൻസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവയാണ് നിലവിൽ കേരള സംസ്ഥാനത്തുള്ളത്. എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളിലും മേൽ ഉത്തരവുകൾ പ്രകാരം സമിതിയുടെ പ്രവർത്തനം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും എല്ലായിടത്തും സമിതികളുടെ പ്രവർത്തനം നടക്കുന്നില്ലെന്നാണ് കമ്മീഷന്റെ അന്വേഷണത്തിൽ നിന്നും മനസ്സിലായത്. പോലീസ്, നിർഭയ വോളന്റിയേഴ്സ്, പാരാ ലീഗൽ വോളന്റിയേഴ്സ്, കുടുംബശ്രീ വോളന്റിയേഴ്സ്, ജാഗ്രതാ സമിതി എന്നിവരുമായി ചേർന്ന് പ്രാദേശികാടിസ്ഥാനത്തിൽ കുട്ടികളുടെ അവസ്ഥാപഠനം നടത്താനും, വീട്ടിലും വിദ്യാലയത്തിലും പൊതുസമൂഹത്തിലും കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും കരുതലും ആവശ്യമാണെന്ന് വിവിധ കർത്തവ്യ വാഹകരെ ബോദ്ധ്യപ്പെടുത്താനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ICPSപദ്ധതി പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പദ്ധതിയിൽ നൂതന പദ്ധതികൾ ഉൾപ്പെടുത്തുകയെന്നത് അഭികാമ്യമാണ്. അത്തരം പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളോ വെല്ലുവിളികളോ നിലവിലുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ ചർച്ചകളും പഠനങ്ങളും ആവശ്യമാണ്.

ജില്ലാ-ബ്ലോക്ക്-ഗ്രാമതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റികൾ, കോർപ്പഷേൻ-മുൻസിപ്പാലിറ്റിതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ എന്നിവ കൃത്യമായ അജൻഡ യോടു കൂടി യോഗങ്ങൾ ചേരുകയും, കുട്ടികളെ സംബന്ധിച്ചുള്ള പ്രാദേശികമായ വിഷയങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള ആസൂത്രിതമായ നടപടികൾ സർക്കാർ മാർഗ്ഗരേഖകളെയു നിലവിലെ ബാലസംരക്ഷണനിയമങ്ങളെയും അടിസ്ഥാനമാക്കി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് മനസ്സിലാക്കുന്നതിനും, ചർച്ച ചെയ്യുന്നതിനും ജനപ്രതിനിധികൾ മുന്നോട്ടു വരുമ്പോൾ മാത്രമേ അത്തരത്തിലുള്ള കാഴ്ചപ്പാട് സമൂഹത്തിൽ സൃഷ്ടിക്കുവാനും കുട്ടികൾ നേരിടുന്ന അവഗണനയും, ചൂഷണവും, അരക്ഷിതത്വവും അതിന്റെ ശരിയായ അർത്ഥത്തിൽ പരിഹരിക്കുവാനും സാധിക്കുകയുള്ളൂ.

## ശിൽപ്പശാലകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

1. ബാലസംരക്ഷണ സമിതികളുടെ ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും എല്ലാ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ മുൻഗണാനാടിസ്ഥാനത്തിൽ കൊണ്ടുവരിക.
2. കുട്ടികൾക്കുവേണ്ടി ചെലവഴിക്കപ്പെടേണ്ടതായ പ്ലാൻഫണ്ട് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നതിനുള്ള മാർഗ്ഗദർശനവും കാഴ്ചപ്പാടും തദ്ദേശസ്വയം ഭരണ സർക്കാർ പ്രതിനിധികളിൽ ഉണ്ടാക്കിയെടുക്കുക.
3. കുട്ടികളുടെ സംരക്ഷണത്തിനായുള്ള പദ്ധതികളും പരിപാടികളും തദ്ദേശ സ്വയംഭരണ സർക്കാർതലത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ധാരണയും അറിവും പകർന്നുനൽകുക.
4. പ്രദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് അതാതുപ്രദേശങ്ങളിൽ കുട്ടികൾക്ക് അനുയോജ്യമായ പദ്ധതികളും പരിപാടികളും ആവിഷ്ക്കരിക്കുന്നതിനുള്ള പിന്തുണ സഹകരണവും നേടുക.
5. പ്രാദേശികതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കുട്ടികൾക്ക് വേണ്ടി പ്രാബല്യത്തിലുള്ള പദ്ധതികളുടെയും പരിപാടികളുടെയും ഗുണപരമായ സവിശേഷതകൾ പ്രാദേശികമായി രൂപപ്പെടുത്തുന്ന പദ്ധതികളിൽ ഉൾച്ചേർക്കുവാനുള്ള അറിവും മനോഭാവവും പകർന്ന് നൽകുക.
6. കുട്ടികൾക്ക് വേണ്ടിയുള്ള പരിപാടികളുടെ സമയബന്ധിതമായ അവലോകനങ്ങളും വിലയിരുത്തലുകളും നടത്തുന്നതിനുള്ള മാർഗ്ഗരേഖ രൂപപ്പെടുത്തി വകുപ്പുതലങ്ങളിലും സർക്കാർതലത്തിലും സമർപ്പിക്കുകയും അംഗീകാരം/ അനുമതി നേടുകയും ചെയ്യുക.

7. കുട്ടികളുടെ കഴിവും/പ്രതിബദ്ധതയും വികസന പദ്ധതികളിൽ ഗുണകരമായി ഉപയോഗിക്കുവാനുള്ള പരിപാടി ആസൂത്രണം ചെയ്യുക.
8. കുട്ടികളുടെ അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവകാശ ലംഘനകാർക്കെതിരെ സ്വീകരിക്കേണ്ട നിയമ നടപടികൾ സംബന്ധിച്ച് പ്രാദേശിക സർക്കാരുകളെയും ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും ശാക്തീകരിക്കുക.

## ബാലസംരക്ഷണ സമിതി ശാക്തീകരണ ശിൽപ്പശാലകൾ

### ആലോചനായോഗം

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസംരക്ഷണസമിതികളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി മുന്നൊരുക്കം എന്ന നിലയിൽ നടത്തിയ ശിൽപ്പശാല കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. പി. സുരേഷ് ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് രക്ഷാകർത്താക്കൾക്കു പുറമെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഉത്തരവാദിത്തമുണ്ടെന്ന് ചെയർമാൻ പറഞ്ഞു. ആസൂത്രണ കമ്മീഷൻ അംഗം ഡോ. മൃദുൽ ഈപ്പൻ മുഖ്യപ്രഭാഷണം നടത്തി.

### സംസ്ഥാനതല ഉദ്ഘാടനം

ബാലസംരക്ഷണ സമിതി ശാക്തീകരണ ശിൽപശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഭാഗ്യമാല ആഡിറ്റോറിയത്തിൽ 27-10-2018 ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. ബഹു. മുൻ കേരള ഹൈക്കോടതി ജഡ്ജി ശ്രീ കെ.കെ.ദിനേശൻ മുഖ്യ പ്രഭാഷണം നടത്തി.

എല്ലാ ശിൽപ്പശാലകളിലും ബഹു.മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, എം.എൽ.എ, എം.പി തുടങ്ങിയവരും ജില്ല പഞ്ചായത്ത് പ്രസിഡന്റ്, ജില്ല കളക്ടർ എന്നിവരെയും മറ്റ് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെയും പരമാവധി പങ്കെടുപ്പിക്കാൻ കഴിഞ്ഞു.

### സമാപന സമ്മേളനം

ജില്ലകളിൽ നടത്തിയ ശില്പശാലകളുടെ സമാപന സമ്മേളനവും 41-ാമത് ശില്പശാലയും കണ്ണൂരിൽ 01-03-2019 ന് നടത്തി. ബഹു. സാംസ്കാരികം-തുറമുഖം-മ്യൂസിയം വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ എം.പി എന്നിവർ മുഖ്യാതിഥികളായിരുന്നു. തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺമാർ സന്നിഹിതരായിരുന്നു.

## ജില്ലാതല ശിൽപശാലകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ശില്പ ശാല കൾ | സ്ഥലം | വിശിഷ്ടാതിഥി | തീയ തി | പങ്കെ ടുത്ത വർ |
|---|---|---|---|---|---|---|
| | തിരുവനന്തപുരം | സംസ്ഥാനതല ഉത്ഘാടന സമ്മേളനം | ഭാഗ്യമാല ആഡിറ്റോറിയം തിരുവനന്തപുരം | മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, മന്ത്രി ശ്രീമതി ശൈലജ ടീച്ചർ, ഓംബുഡ്സ്മാൻ ഫോർ എൽ.എസ്.ജി. ഐ. ജസ്റ്റിസ് ശ്രീ കെ.കെ.ദിനേശൻ | 27.10.18 | 450 |
| 1. | തിരുവനന്തപുരം | 1 | ഗസ്റ്റ് ഹൗസ് തിരുവനന്തപുരം | | 9.10.18 | 100 |
| 2. | തിരുവനന്തപുരം | 1 | എസ്.ഇ.ആർ.ടി. ഹാൾ തിരുവനന്തപുരം | പ്ലാനിംഗ് ബോർഡ് അംഗം ഡോ. മൃദുൽ ഈപ്പൻ | 12.10.18 | 102 |
| 3. | തിരുവനന്തപുരം | 1 | ലയോള കോളേജ് ഫോർ സോഷ്യൽ സയൻസ് ശ്രീകാര്യം | ഡെപ്യൂട്ടി സ്പീക്കർ ശ്രീ വി.ശശി | 25.2.19 | 572 |
| 4. | തിരുവനന്തപുരം | 1 | നെയ്യാറ്റിൻകര സ്വദേശാഭിമാനി മുനിസിപ്പൽ ടൗൺ ഹാൾ തിരുവനന്തപുരം | എം.എൽ.എ. ശ്രീ കെ.അൻസലൻ | 27.2.19 | |
| 5. | തിരുവനന്തപുരം | 1 | റെഡ്യാർ അസോസിയേഷൻ ഹാൾ കരമന തിരുവനന്തപുരം | 1. പ്രസിഡന്റ് തിരു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി.കെ.മധു 2. തിരു. മേയർ ശ്രീ വി. കെ.പ്രശാന്ത് 3. സ്പെഷ്യൽ സെക്രട്ടറി, വനിതാ ശിശുവികസന വകുപ്പ്, ശ്രീ ബിജു പ്രഭാകർ ഐ.എ.എസ്. | 8.2.19 | |
| 6. | കൊല്ലം | 1 | കൊട്ടാരക്കര ജൂബിലി ആഡിറ്റോറിയം | ബാലാവകാശ കമ്മീഷൻ അംഗം ശ്രീ.സി. ജെ.ആന്റണി | 7.12.18 | 114 |
| 7. | കൊല്ലം | 1 | കരുനാഗപ്പള്ളി എം.എം.എ. ഹാളിൽ | ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാമണി | 10.1.19 | 172 |

| | | | | | | |
|---|---|---|---|---|---|---|
| 8. | കൊല്ലം | 1 | അഞ്ചൽ കുന്നും പുറം ടവേഴ്സ് | ബാലാവകാശ കമ്മീഷൻ ചെയർമാൻ ശ്രീ സുരേഷ് | 1.2.19 | 142 |
| 9. | കൊല്ലം | 1 | പയസ് സെവൻ വാഴപ്പിള്ളി മേവറ കൊല്ലം | കൊല്ലം മേയർ അഡ്വക്കേറ്റ് ശ്രീ രാജേന്ദ്ര ബാബു | 12.2.19 | 197 |
| 10. | പത്തനംതിട്ട | 1 | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ പത്തനംതിട്ട | ജലവിഭവ വകുപ്പ് മന്ത്രി ശ്രീ മാത്യു. ടി.തോമസ് | 23.11.18 | 206 |
| 11. | പത്തനംതിട്ട | 1 | എംസൺ ആഡി റ്റോറിയം ഏഴംകുളം അടൂർ | എം.എൽ.എ. ശ്രീ ചിറ്റയം ഗോപകു മാർ | 24.1.19 | 242 |
| 12. | ആലപ്പുഴ | 1 | മുൻസിപ്പൽ ടൗൺ ഹാൾ ആലപ്പുഴ | 1. ആലപ്പുഴ മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീ തോമസ് ജോസഫ്<br>2. ഡെപ്യൂട്ടി കള ക്ടർ ശ്രീ അബ്ദുൽ സലാം | 29.1.19 | 300 |
| 13. | ആലപ്പുഴ | 1 | റോട്ടറി ക്ലബ് കായംകുളം | മുൻസിപ്പൽ ചെയർമാൻ അഡ്വക്കേറ്റ് ശ്രീ ശിവ ദാസ് | 15.2.19 | 270 |
| 14. | ആലപ്പുഴ | 1 | റോട്ടറി ക്ലബ് ചേർത്തല | മുൻസിപ്പൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി സിന്ധു ബൈജു | 20.2.19 | 470 |
| 15. | കോട്ടയം | 1 | കോട്ടയം പോപ്പ് മൈതാനം നാഗമ്പടം | കോട്ടയം എം. എൽ.എ. ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഏറ്റുമാനൂർ ശ്രീ സുരേഷ് കുറുപ്പ് എം.എൽ. എ. | 8.2.19 | 610 |
| 16. | കോട്ടയം | 1 | വൈക്കം എസ്. എൻ.ഡി.പി. ഹാൾ | വൈക്കം എം. എൽ.എ. ശ്രീമതി സി.കെ.ആശ | 21.2.19 | |
| 17. | ഇടുക്കി | 1 | കട്ടപ്പന മുനിസിപ്പാ ലിറ്റി ഹാൾ | 1. ഇടുക്കി എം. പി. ശ്രീ ജോയ്സ് ജോർജ്ജ്<br>2. എം.എൽ.എ. ശ്രീ റോഷി അഗസ്റ്റിൻ | 1.11.18 | 174 |
| 18. | ഇടുക്കി | 1 | തൊടുപുഴ എ.പി. ജെ.അബ്ദുൾ കലാം എച്ച്.എസ്. എസ്. | മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി മിനി മധു | 28.12.18 | 130 |

| | | | | | | |
|---|---|---|---|---|---|---|
| 19. | ഇടുക്കി | 1 | മൂന്നാർ മൗണ്ട് കാർമൽ പാരീഷ് ഹാൾ | വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ എം.എം. മണി | 31.12.18 | 92 |
| 20. | ഇടുക്കി | 1 | പീരുമേട് എ.ബി. ജെ.ആഡിറ്റോറിയം | എം.എൽ.എ. ശ്രീമതി ഇ.എസ്. ബിജിമോൾ | 22.1.19 | 65 |
| 21. | എറണാകുളം | 1 | മുനിസിപ്പൽ ടൗൺഹാൾ നോർത്ത് പറവൂർ | 1. ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി ജെ.മേഴ്സികുട്ടി അമ്മ 2. എം.എൽ.എ. ശ്രീ എസ്.ശർമ്മ | 15.12.18 | 860 |
| 22. | എറണാകുളം | 1 | മൂവാറ്റുപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ആഡിറ്റോറിയം | 1. എം.എൽ.എ ശ്രീ എൽദോ എബ്രഹാം 2. എൽദോസ് കുന്നപ്പിള്ളി എബ്രഹാം | 7.1.19 | |
| 23. | എറണാകുളം | 1 | കല്ലൂർ റിന്യൂവൽ സെന്റർ | എം.എൽ.എ. ശ്രീ ഹൈബി ഈഡൻ | 14.2.19 | |
| 24. | തൃശ്ശൂർ | 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ | (ഡയറക്ടർ ഗകഘലഅ) ഡാ. ജോയ് ഇളമൺ | 28.1.19 | 403 |
| 25. | തൃശ്ശൂർ | 1 | | | 29.1.19 | |
| 26. | തൃശ്ശൂർ | 1 | | | 30.1.19 | |
| 27. | പാലക്കാട് | 1 | മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാൾ | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മണ്ണാർക്കാട് ശ്രീ ഒ.പി. ഷെരീഫ് | 27.12.18 | 312 |
| 28. | പാലക്കാട് | 1 | ഒറ്റപ്പാലം ലക്കിടി പേരൂർ കമ്മ്യൂണിറ്റി ഹാൾ | 1. ഒറ്റപ്പാലം എം.എൽ.എ. ശ്രീ ഉണ്ണി 2. ത്രിത്താല എം.എൽ.എ. ശ്രീ വി.റ്റി.ബൽറാം | 28.12.18 | |
| 29. | പാലക്കാട് | 1 | പാലക്കാട് സായൂജ്യം റസിഡൻസി | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാന്തകുമാരി | 29.1.19 | |
| 30. | പാലക്കാട് | 1 | പാലക്കാട് സായൂജ്യം റസിഡൻസി | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാന്തകുമാരി | 30.1.19 | |
| 31. | മലപ്പുറം | 1 | എം.ഇ.എസ്. കോളേജ് സെമിനാർ ഹാൾ പൊന്നാനി | സ്പീക്കർ ശ്രീ ഡി.രാമകൃഷ്ണൻ | 19.1.19 | 781 |

| | | | | | | |
|---|---|---|---|---|---|---|
| 32. | മലപ്പുറം | 1 | മലപ്പുറം ടൗൺ ഹാൾ | 1. എം.എൽ.എ. ശ്രീ പി.ഉബൈ ദുള്ള<br>2. ജില്ലാ പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീ എ.പി.ഉണ്ണി കൃഷ്ണൻ, | 20.2.19 | |
| 33. | കോഴിക്കോട് | 1 | കോഴിക്കോട് | പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബാബു പറശ്ശേരി | 6.2.19 | |
| 34. | കോഴിക്കോട് | 1 | പുതുപ്പാടി | പുതുപ്പാടി പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീമതി അംബിക മംഗലത്ത് | 7.2.19 | 452 |
| 35. | കോഴിക്കോട് | 1 | വടകര | കൊയിലാണ്ടി നഗരസഭ ചെയർമാൻ ശ്രീമതി വി. കെ.പത്മിനി | 8.2.19 | |
| 36. | വയനാട് | 1 | കൽപ്പറ്റ ഗ്രേസ് ആഡിറ്റോറിയം | മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി സനിത ജഗദീഷ് | 23.1.19 | 216 |
| 37. | വയനാട് | 1 | മാനന്തവാടി മിൽക് സൊസൈറ്റി ഹാൾ | എം.എൽ.എ. ശ്രീ ഒ.ആർ.കേളു | 24.1.19 | |
| 38. | കണ്ണൂർ | 1 | ദിനേശ് ആഡിറ്റോറിയം | 2. സാംസ്കാരിക തുറമുഖ മ്യൂ സിയം വകുപ്പ് മന്ത്രി ശ്രീ കടന്ന പ്പള്ളി രാമചന്ദ്രൻ<br>2. എം.പി. ശ്രീമതി. പി. കെ.ശ്രീമതി ടീച്ചർ | 1.3.19 | 1002 |
| 39. | കാസറഗോഡ് കാഞ്ഞങ്ങാട് മേഖല ശില്പ ശാല | 1 | വ്യാപാര ഭവൻ ആഡിറ്റോറിയം കാഞ്ഞങ്ങാട് കാസറഗോഡ് | ജില്ലാ പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീ എ.ജി.സി. ബഷീർ | 10.1.19 | 671 |
| 40. | കാസറഗോഡ്<br>കാസറഗോഡ് മേഖലാ ശില്പ ശാല | 1 | മുനിസിപ്പൽ കോൺഫറൻസ് ഹാൾ കാസറ ഗോഡ് | ജില്ലാ കളക്ടർ ശ്രീ സജി ത്ബാബു ഐ.എ.എസ്. | 11.1.19 | |

മേൽ സൂചിപ്പിച്ച ശിൽപ്പശാലകളുടെ വിവരങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ, നിർദ്ദേശങ്ങൾ, നൂതന പദ്ധതികൾ, ശുപാർശകൾ എന്നിവയടങ്ങിയ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നതാണ്.

### 8.3.3. ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റ്

ജുവനൈൽ ജസ്റ്റിസ് മോണിറ്ററുംഗുമായി ബന്ധപ്പെട്ട് പോക്സോ സെല്ലിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ബാലാവകാശ കമ്മീഷനിൽ ജെ.ജെ. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു (ഫയൽ നം. 2942/പോക്സോ-ജെ.ജെ/2017/കെ.ഇ.എസ്.സി.പി.സി.ആർ.). പോക്സോ സെല്ലിലെ സീനിയർ ടെക്നിക്കൽ ഓഫീസർ, ലീഗൽ അനലിസ്റ്റ്, കേസ് വർക്കർമാർ എന്നിവർ ചേർന്ന ജെ.ജെ. ആക്റ്റ് നിഷ്കർഷിക്കുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങൾ നിരീക്ഷിക്കുന്നതിനായി ഒരു പ്രൊഫോമ തയ്യാറാക്കി.

ബഹു. സുപ്രീം കോടതിയുടെ 05.05.2017-ലെ W.P. (Crl.) 102 of 2017ഉത്തരവു പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ സേവനങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ സോഷ്യൽ ഓഡിറ്റിംഗ് നടത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം ഡ്രാഫ്റ്റ് സോഷ്യൽ ഓഡിറ്റിംഗ് പ്രൊഫോമ വിലയിരുത്തുന്നതിനായി കേരള മുൻ ചീഫ് സെക്രട്ടറി ശ്രീ വിജയാനന്ദ് അവർകളുടെ നേതൃത്വത്തിൽ ദേശീയ തലത്തിൽനിന്നും സംസ്ഥാനതലത്തിൽനിന്നുമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി കൂടിയാലോചനായോഗം നടത്തി.തുടർന്ന് ബാലാവകാശ കമ്മീഷനിലെ പോക്സോ സെൽ, ആർ.റ്റി.ഇ. സെൽ എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ കൂടാതെ 5 കൺസൾട്ടന്റുമാരെയും ഉൾപ്പെടുത്തി പൈലറ്റ് സോഷ്യൽ ഓഡിറ്റ് കേരളത്തിലെ 4 സ്ഥാപനങ്ങളിൽ നടത്തി. സോഷ്യൽ ഓഡിറ്റിംഗിന് ഉപയോഗിച്ച ടൂളുകളുടെ നിലവാരവും അവലോകനവും നടത്തിയ ശേഷം കേരളത്തിലെ എല്ലാ ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്കും പ്രീ-ഓഡിറ്റ് റിക്വിസ്റ്റ് ഫോം പൂരിപ്പിച്ച് നൽകുന്നതിനായി അയച്ചു നൽകി.

കേരളത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന 817 ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള എൻ.ജി.ഒ.കളുമായി കൂടിക്കാഴ്ച നടത്തുകയും അതിൻ പ്രകാരം സുശീലാ ഗോപാലൻ സൊസൈറ്റി ഫോർ ജെന്റർ ആന്റ് ലീഗൽ സ്റ്റഡീസ് ഇതിനായി തെരഞ്ഞെടുത്ത് അവർക്ക് രണ്ട് ദിവത്തെ പ്രത്യേക പരിശീലനം നൽകുകയും ചെയ്തു. തുടർന്ന് ആദ്യഘട്ടത്തിൽ 200 സ്ഥാപനങ്ങളിലെ ഓഡിറ്റ് നടത്തുന്നതിനായി 06.03.2019-ന് ചുമതലപ്പെടുത്തുകയും ചെയ്തു.

## 9. പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ

കമ്മീഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജനാഭിപ്രായങ്ങൾക്കും പരാതികൾക്കും പുറമെ മാധ്യമവാർത്തകളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ബാലാവകാശസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കമ്മീഷനിൽ ഒരു പബ്ലിക് റിലേഷൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കമ്മീഷൻ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച കാര്യങ്ങൾ പത്രക്കുറിപ്പുകളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നത് പബ്ലിക് റിലേഷൻസ് വിഭാഗമാണ്. കമ്മീഷന്റെ പ്രധാനപ്പെട്ട ഉത്തരവുകൾ കുട്ടികൾ ഉൾപ്പെടെ ഏവരുടേയും അറിവിലേയ്ക്കായി കമ്മീഷന്റെ വെബ്സൈറ്റിലും ഫേസ് ബുക്ക്, ടിറ്റർ എന്നിവയിലും പ്രസിദ്ധപ്പെടുത്തുന്നതും പബ്ലിക് റിലേഷൻസ് വിഭാഗമാണ്.

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ വിഭാഗം 2018-19-ൽ താഴെപ്പറയുന്ന പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

### 9.1 പത്രക്കുറിപ്പുകൾ

കമ്മീഷന്റെ ഉത്തരവുകൾ, അവയുടെ അടിസ്ഥാനത്തിൽ വിവിധ ഏജൻസികൾ നൽകിയ എ.റ്റി.ആർ എന്നിവയുടെയും കമ്മീഷന്റെ സിറ്റിംഗ്, സന്ദർശനങ്ങൾ, പരിപാടികൾ, കൂടിയാലോചനായോഗങ്ങൾ, ബാലാവകാശ വാരാചരണം എന്നിവയുടെയും അടിസ്ഥാ നത്തിൽ 2018 ഏപ്രിൽ ഒന്നു മുതൽ 2019 മാർച്ച് വരെ 91 പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പ്രതിമാസക്കണക്ക് താഴെ വിവരിക്കുന്ന വിധത്തിലാണ്. ഈ പത്രക്കുറിപ്പുകളിൽ നല്ലൊരു പങ്കിനും മാധ്യമങ്ങളിൽ വൻ സ്വീകാര്യതയാണ് ലഭിച്ചത്.

| | | |
|---|---|---|
| 2018 | ഏപ്രിൽ | 6 |
| | മെയ് | 5 |
| | ജൂൺ | 9 |
| | ജൂലൈ | 4 |
| | ആഗസ്റ്റ് | 7 |
| | സെപ്റ്റംബർ | 2 |
| | ഒക്റ്റോബർ | 18 |
| | നവംബർ | 8 |
| | ഡിസംബർ | 7 |
| 2019 | ജനുവരി | 5 |
| | ഫെബ്രുവരി | 10 |
| | മാർച്ച് | 13 |
| | **ആകെ** | **91** |

## 9.2 ദൃശ്യ-ശ്രാവ്യമാധ്യമ പ്രചാരണം

കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ദൂരദർശൻ, മറ്റ് സ്വകാര്യ ചാനലുകൾ, എഫ്.എം റേഡിയോ എന്നിവയിലൂടെ കമ്മീഷൻ ചെയർ പേഴ്സൺ, അംഗങ്ങൾ എന്നിവരുടെ അഭിമുഖം, ഫോൺ ഇൻ പരിപാടി എന്നിവ സംപ്രേഷണം ചെയ്യുകയുണ്ടായി. കുട്ടികളുമായി ബന്ധപ്പെട്ട വിശേഷദിവസങ്ങളിൽ കമ്മീഷൻ ചെയർ പേഴ്സൺ, അംഗങ്ങൾ എന്നിവരുടെ പ്രഭാഷണങ്ങൾ (ഇംഗ്ലീഷിലും മലയാളത്തിലും) കേരളത്തിലെ ദൂരദർശൻ, ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്തു. കൂടാതെ, കമ്മീഷന്റെ ശ്രദ്ധേയമായ വിധികളെ അടിസ്ഥാനമാക്കി കേരളത്തിലെ വിവിധ എഫ്.എം നിലയങ്ങൾ പരിപാടികൾ അവതരിപ്പിച്ചു. കമ്മീഷന്റെ ചുമതലകളും പ്രവർത്തനങ്ങളും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ ചാനലിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു.

ബാലാവകാശവാരത്തോടനുബന്ധിച്ച് കേരളത്തിലെ പത്ത് ആകാശവാണി നിലയങ്ങളിലൂടെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികൾക്കായി സന്ദേശങ്ങൾ നൽകി.

## 9.3 വെബ്സൈറ്റും സോഷ്യൽ മീഡിയയും

ലേ ഔട്ടിന്റെ പ്രത്യേകത കൊണ്ടും എളുപ്പം ഉള്ളടക്കം കണ്ടുപിടിക്കത്തക്ക തരത്തിലുള്ള സജ്ജീകരണം കൊണ്ടും ശ്രദ്ധേയമാണ് കമ്മീഷന്റെ വെബ്സൈറ്റ്. കമ്മീഷന്റെ പത്രക്കുറിപ്പുകൾ, പരിപാടികളുടെ ഫോട്ടോകൾ, സമീപഭാവിയിൽ നടത്തുന്ന പരിപാടികൾ, കമ്മീഷന്റെ പ്രസിദ്ധീകരണങ്ങൾ എന്നിവയും കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നു.

കമ്മീഷന്റെ മലയാളം വെബ്സൈറ്റ് ബാലാവകാശവാരാചരണത്തോട് അനുബന്ധിച്ച് നിലവിൽ വരികയുണ്ടായി.സാമൂഹ്യമാധ്യമങ്ങൾക്ക് പ്രചാരം ഏറിവരുന്ന ആധുനിക കാലഘട്ടത്തിൽ കമ്മീഷനും ഫേസ് ബുക്ക്, ട്വിറ്റർ പേജുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

## 9.4 ബാല്യം ത്രൈമാസ വാർത്താപത്രിക

ബാലാവകാശമേഖലയിലെ വിവിധ വിഷയങ്ങളും കമ്മീഷന് ലഭിച്ച പരാതികളും അവയിൻമേൽ കമ്മീഷന്റെ തീരുമാനവും ഉൾപ്പെടുത്തി *ബാല്യം* എന്ന പേരിലുള്ള ന്യൂസ് ലെറ്റർ മൂന്നു മാസത്തിൽ ഒരിക്കൽ വീതം സ്ഥിരമായി പ്രസിദ്ധീകരിച്ചുവരുന്നു. കുട്ടികളുടെ പങ്കാളിത്തത്തോടെ കമ്മീഷൻ നടത്തുന്ന സംവാദം മുതലായ പരിപാടികളിൽ പങ്കെടുക്കുന്നവർക്കും കമ്മീഷൻ നടത്തുന്ന കൂടിയാലോചനായോഗങ്ങളിൽ പങ്കെടുക്കുന്നവർക്കും ന്യൂസ് ലെറ്റർ സൗജന്യമായി നൽകിവരുന്നു. കൂടാതെ, ബാലാവകാശസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്നവരും സ്കൂൾ അധികൃതരും കുട്ടികൾക്ക് വിതരണം ചെയ്യാനായി കമ്മീഷൻ ഓഫീസിൽനിന്ന് ബാല്യത്തിന്റെ കോപ്പികൾ ശേഖരിക്കാറുണ്ട്.

## 9.5 സംവാദം

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവരെ കൂടുതൽ ബോധവാന്മാരാക്കുന്ന തിനും ചൂഷണങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സംവാദവും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുകയു ണ്ടായി.

കണ്ണൂർ ജില്ലയിലെ സംവാദം ആറളം ട്രൈബൽ ഹൈസ്കൂളിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്തു. ഇടുക്കി ജില്ലയിൽ സംവാദം തൊടുപുഴ ന്യൂമാൻ കോളേജ് മൈതാനത്ത് അഡീഷനൽ ഡി.ജി.പി ശ്രീ. എസ്. ശ്രീജിത്ത് ഉദ്ഘാടനം ചെയ്തു.

കുട്ടികളുടെ പ്രശ്നങ്ങൾക്ക് മറുപടി പറയാൻ ജില്ലാ ഭരണകൂടത്തിലെ ഉയർന്ന ഉദ്യോഗസ്ഥർ എല്ലാ വേദികളിലും നേരിട്ടെത്തി.

## 9.6 കൗൺസലർമാർക്കുള്ള ശിൽപ്പശാല

ദൈനംദിന ജീവിതത്തിൽ അഭിമുഖീകരിക്കുന്ന വൈകാരികവും മാനസികവു മായ വെല്ലുവിളികൾ തരണം ചെയ്യാൻ കുട്ടികളെ സഹായിക്കുന്നതിൽ സ്കൂൾ കൗൺസലർമാർ വളരെ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. അതുപോലെ ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ കൗൺസലർമാർ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള

കുട്ടികളുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ജെ.ജെ. ആക്ററ് 2015 നിഷ്കർഷിക്കുന്ന ചുമതലകൾ നിർവ്വഹിച്ചുവരുന്നു.

എന്നാൽ, ഈ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുമ്പോഴും ജെ.ജെ. ആക്റ്റ് 2015, പോക്സോ ആക്റ്റ് 2012 എന്നിവ പ്രകാരം പോലീസും നിയമസംവിധാനവുമായി ഇടപഴകേണ്ടിവരുന്ന ഘട്ടങ്ങളിലും കൗൺസലർമാർ ധാരാളം വെല്ലുവിളികൾ നേരിടുന്നതായി കമ്മീഷൻ ബോദ്ധ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കൗൺസലർമാരുടെ കടമകളും ഉത്തരവാദിത്തങ്ങളും കണക്കിലെടുത്ത് അവർക്കായി എല്ലാ ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിക്കാൻ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തീരുമാനിച്ചു. കുട്ടികൾക്കാവശ്യമായ പിന്തുണയും സഹകരണവും ലഭ്യമാക്കുന്നതിന് കൗൺസലർമാരെ പര്യാപ്തരാക്കുകയായിരുന്നു ശില്പശാലകളുടെ ലക്ഷ്യം. ഓരോ ജില്ലയിലെയും വിവിധ സ്കൂളുകളിൽ നിന്നും ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള കൗൺസലർമാരെ പങ്കെടുപ്പിച്ച് കേരളത്തിലെമ്പാടുമായി 20 ഏകദിന പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചത്.

ഓരോ ജില്ലയിലെയും ബാലാവകാശ മേഖലയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെയും മറ്റു ചുമതലപ്പെട്ടവരെയും ശിൽപ്പശാലകളിൽ പങ്കെടുപ്പിച്ചു. ജില്ലാ കളക്ടർ, എക്സൈസ് കമ്മീഷണർ, പബ്ലിക് പ്രോസിക്ക്യൂട്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ, ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സൺ, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ തുടങ്ങിയവർ കൗൺസലർമാരുമായി ആശയവിനിമയം നടത്തുകയും സംശയദൂരീകരണം നടത്തുകയും ചെയ്തു. എല്ലാ ശിൽപ്പശാലകളിലും കൗൺസലർമാർക്കായി ന്യൂറോ ലിംഗിസ്റ്റിക്സ് പ്രോഗ്രാമിൽ ഒരു സെഷൻ നടത്തുകയുണ്ടായി. അതുപോലെ, പോക്സോ, ബാലനീതി നിയമങ്ങളുമായി ബന്ധപ്പെട്ട നിയമ പ്രശ്നങ്ങളെ സംബന്ധിച്ച ക്ലാസുകളും എടുക്കുകയുണ്ടായി. ഓരോ ശിൽപ്പശാലയിലും ശരാശരി നൂറ് കൗൺസലർമാർ പങ്കെടുത്തു.

### പത്തനംതിട്ട

2018 ജൂലൈ 18 ന്2018 പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി നടത്തിയ ശിൽപ്പശാല ജില്ല കളക്ടർ ശ്രീ. പി. ബി നൂഹ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കമ്മീഷൻ അംഗം സിസ്റ്റർ ബിജി ജോസ് അദ്ധ്യക്ഷയായി.

### കോട്ടയം

2018 ജൂൺ 28 ന് കോട്ടയം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സ്കൂൾ കൗൺസലർമാർക്കുള്ള ശിൽപ്പശാല നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സക്കറിയാസ് കുതിരവേലി ഉദ്ഘാടനം ചെയ്തു. കമ്മീഷൻ അംഗം ഡോ. എം.പി. ആന്റണി മോഡറേറ്ററായിരുന്നു. ശിൽപ്പശാലയിൽ അഡ്വ. സുരേഷ് തോന്നയ്ക്കൽ എൻ.എൽ.പി. വിഷയത്തിൽ ക്ലാസ്സെടുത്തു.

### ഇടുക്കി

2018 ജൂലൈ അഞ്ചിന് ഇടുക്കി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി നടത്തിയ ശിൽപ്പശാല അഡീഷനൽ ജില്ല മജിസ്ട്രേറ്റ് ഉദ്ഘാടനം ചെയ്തു. കമ്മീഷൻ അംഗം സിസ്റ്റർ ബിജി ജോസ് അദ്ധ്യക്ഷയായി. ശിൽപ്പശാലയിൽ 128 പേർ പങ്കെടുത്തു.

### എറണാകുളം

2018 ജൂലൈ 11 ന് എറണാകുളം പത്തടിപ്പാലം പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് ആഡിറ്റോറിയത്തിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി നടത്തിയ എൻ.എൽ.പി പരിശീലന പരിപാടിയിൽ അഡ്വ. സുരേഷ് തോന്നയ്ക്കൽ ക്ലാസെടുത്തു. കമ്മീഷൻ അംഗം ഡോ. എം.പി ആന്റണി ക്ലാസുകൾ നയിച്ചു.

### തൃശൂർ

2018 ജൂലൈ ഏഴിന് തൃശൂർ എലൈറ്റ് ഇന്റർനാഷനൽ ഹോട്ടലിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി സംഘടിപ്പിച്ച ശിൽപ്പശാല കമ്മീഷൻ അംഗം ശ്രീമതി ശ്രീല മേനോൻ നയിച്ചു.

### പാലക്കാട്

2018 ജൂൺ എട്ടിന് പാലക്കാട് സായൂജ്യ റസിഡൻസി ഹോട്ടലിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി ശിൽപ്പശാല സംഘടിപ്പിച്ചു. കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സൺ ശ്രീ. സി.ജെ. ആന്റണി പരിശീലന പരിപാടികൾ നയിച്ചു. ന്യൂറോ ലിംഗിസ്റ്റിക്സിൽ ശ്രീ. ദിനു നൈറ്റ് കൗൺസലർമാർക്ക് പരിശീലനം നടത്തി.

### മലപ്പുറം

2018 മെയ് 24-ന് മലപ്പുറം ജില്ലാ പഞ്ചായത്ത് ഹാളിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി നടത്തിയ ശിൽപ്പശാല ജില്ല കളക്ടർ ശ്രീ. അമിത് മീണ ഉദ്ഘാടനം ചെയ്തു.കമ്മീഷൻ അംഗം ഡോ. എം. പി ആന്റണി അദ്ധ്യക്ഷനായി. ശിൽപ്പശാലയിൽ 80 കൗൺസലർമാരെയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും സ്വകാര്യ

സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെ 117 പേരാണ് പങ്കെടുത്തത്. ന്യൂറോ ലിംഗിസ്റ്റിക്സിൽ ശ്രീ. ദിനു നൈറ്റ് കൗൺസലർമാർക്ക് പരിശീലനം നടത്തി.

### കോഴിക്കോട്

2018 മെയ് 16-ന് കോഴിക്കോട് ഈസ്റ്റ് നടക്കാവ് ഖത്തർ പ്ലാസ ഹാളിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി നടത്തിയ ശിൽപ്പശാലയിൽ കമ്മീഷൻ അംഗം ശ്രീമതി ശ്രീല മേനോൻ അദ്ധ്യക്ഷയായി. ന്യൂറോ ലിംഗിസ്റ്റിക്സിൽ ശ്രീ. ദിനു നൈറ്റ് കൗൺസലർമാർക്ക് പരിശീലനം നടത്തി.

### വയനാട്

2018 ജൂൺ 27-ന് മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ കൗൺസലർമാർക്കുവേണ്ടി നടത്തിയ ശിൽപ്പശാലയിൽ കമ്മീഷൻ അംഗം സിസ്റ്റർ ബിജി ജോസ് അധ്യക്ഷയായി. ന്യൂറോ ലിംഗ്വിസ്റ്റിക്സിൽ ശ്രീ. ദിനു നൈറ്റ് കൗൺസലർമാർക്ക് പരിശീലനം നൽകി.

### കണ്ണൂർ

2018 മെയ് 17-ന് കണ്ണൂർ ജില്ലാ പ്ലാനിംഗ് ഹാളിൽ സ്കൂൾ കൗൺസലർമാർക്കു വേണ്ടി ശിൽപ്പശാല നടത്തി. കമ്മീഷൻ അംഗം ശ്രീമതി ശ്രീല മേനോൻ അദ്ധ്യക്ഷയായി. ന്യൂറോ ലിംഗിസ്റ്റിക്സിൽ ശ്രീ. ദിനു നൈറ്റ് കൗൺസലർമാർക്ക് പരിശീലനം നടത്തി.

## 9.7 ബാലാവകാശ വാരാഘോഷം

2018 ലെ ബാലാവകാശ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 നവംബർ 18-ന് ഇടുക്കി തൊടുപുഴ ന്യൂമാൻ കോളേജ് ഗ്രൗണ്ടിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ. ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്ത പ്രസ്തുത പരിപാടിയിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം. എം. മണി, ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് ഷാജി പി. ചാലി, ഇടുക്കി എം.പി. ശ്രീ. ജോയിസ് ജോർജ്, തൊടുപുഴ എം.എൽ.എ. ശ്രീ. പി.ജെ. ജോസഫ്, ഇടുക്കി കളക്ടർ ശ്രീ. ജീവൻ ബാബു തുടങ്ങിയവർ പങ്കെടുത്തു. തൊടുപുഴ മേഖലയിലെ വിവിധ സ്കൂളുകളിൽ നിന്നായി രണ്ടായിരത്തി അഞ്ഞൂറോളം കുട്ടികളുടെയും പോലീസ്, വിദ്യാഭ്യാസം, റവന്യൂ, ഗതാഗതം, തദ്ദേശ സ്വയം ഭരണം, സാമൂഹ്യ നീതി, വനിതാ ശിശു വികസന വകുപ്പുകൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി. എന്നിവയുടെയും പങ്കാളിത്തത്തോടെ പ്രൗഢ ഗംഭീരമായി ഈ പരിപാടി സംഘടിപ്പിച്ചു.

കൂടാതെ എല്ലാ ജില്ലകളിലും ബാലാവകാശ വാരാചരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ, പ്രചാരണ പരിപാടികൾ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ സഹകരണത്തോടെ കമ്മീഷന്റെ മേൽനോട്ടത്തിൽ സംഘടിപ്പിച്ചു.

## 9.8 ബാലികാദിനാചരണം

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യതയുള്ള വ്യവസ്ഥിതി നിലവിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാദിനമായി 2012 മുതൽ ഐക്യരാഷ്ട്രസഭ ആചരിച്ചു വരുന്നു. ബാലികാ ശാക്തീകരണവും അവരുടെ മനുഷ്യാവകാശ സംരക്ഷണവുമാണ് ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്യുന്നത്. 'നൈപുണ്യം പെൺകരുത്തിന് - അവൾക്കൊപ്പം' (WITH HER : A SKILLED GIRL FORCE)എന്ന സന്ദേശം മുൻനിർത്തിയാണ് ഈ വർഷത്തെ ബാലികാ ദിനം ആചരിച്ചത്.

പട്ടം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ബാലികാദിനാചരണം സംസ്ഥാന ആരോഗ്യം-വനിത-ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. പി. സുരേഷ് അദ്ധ്യക്ഷനായി.

ബാലികാദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച **സംവാദം** പരിപാടിയിൽ വനിത-ശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ് കുട്ടികളുമായി സംവദിച്ചു. തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണൽ ജഡ്ജി ശ്രീ. പ്രേംനാഥ്, യുവജന ക്ഷേമ ബോർഡ് ചെയർപേഴ്സൺ ശ്രീമതി. ചിന്ത ജെറോം, എംപവറിംഗ് വിമെൻ ഇൻ ഐ.ടി വൈസ് പ്രസിഡന്റ് ശ്രീമതി രാധിക വിശ്വനാഥ് തുടങ്ങിയവർ പങ്കെടുത്തു.

## 9.9 ലഘുപുസ്തകങ്ങളും ബ്രോഷറും

ബാലാവകാശ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ബാലാവകാശ സംരക്ഷണ നിയമങ്ങൾ പ്രചരിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു. ഇതിനായി വിവിധ ബാലാവകാശ നിയമങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി സൗജന്യമായി ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കാൻ

തീരുമാനിച്ചു. പോക്സോ നിയമത്തെക്കുറിച്ച് 'സുരക്ഷിതബാല്യം' എന്ന പേരിൽ കൈപ്പുസ്തകവും ലഘുലേഖയും, 'കുട്ടികളുടെ അവകാശങ്ങൾ' എന്ന പേരിൽ പോക്സോ ഉൾപ്പെടെ വിദ്യാഭ്യാസാവകാശ നിയമവും ബാലനീതി നിയമവും ചേർത്ത് കൈപ്പുസ്തകവും അച്ചടിച്ച് ജില്ല ശിശു സംരക്ഷണ യൂണിറ്റുകൾ വഴി വിതരണത്തിന് ലഭ്യമാക്കി.

ഇതിനു പുറമെ ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളും പരാതിക്കാർ കമ്മീഷനെ സമീപിക്കേണ്ട വിധവും ലളിതമായി പ്രതിപാദിക്കുന്ന ഒരു ബ്രോഷറും അച്ചടിച്ചു സൗജന്യമായി വിതരണം ചെയ്തുവരുന്നു. സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സർക്കാർ ജില്ല അടിസ്ഥാനത്തിൽ നടത്തിയ പ്രദർശനങ്ങളിൽ വിതരണം ചെയ്യുന്നതിന് കമ്മീഷൻ പോറ്റിവളർത്തൽ സംബന്ധിച്ച് പോസ്റ്ററും ബ്രോഷറും അച്ചടിച്ച് വിതരണം ചെയ്തു.

### 9.10 റിപ്പോർട്ട്

സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ പോക്സോ ആക്ട് – റിപ്പോർട്ടിംഗും പുനരധിവാസവും എന്ന വിഷയത്തെ ആസ്പദമാക്കി നിയമം നടപ്പാക്കുന്ന ഉദ്യോഗസ്ഥർക്കായി നടത്തിയ കൂടിയാലോചനായോഗ തീരുമാനങ്ങളുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

### 9.11 പ്രദർശനം

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കണ്ണൂരിൽ സംഘടിപ്പിച്ച പ്രദർശനത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ പങ്കെടുക്കുകയുണ്ടായി. ജില്ല ശിശുസംരക്ഷണ യൂണിറ്റിന്റെ സഹകരണത്തോടെ യാണ് പ്രദർശനം സംഘടിപ്പിച്ചത്. പോറ്റി വളർത്തലിനെപ്പറ്റി പൊതുജനങ്ങളെ ബോധവത്കരിക്കുകയായിരുന്നു കമ്മീഷന്റെ പ്രമേയം. പ്രദർശനം കാണാനെ ത്തിവർക്ക് പോറ്റിവളർത്തലിനെപ്പറ്റി കമ്മീഷൻ തയാറാക്കിയ ബ്രോഷർ വിതരണം ചെയ്തു.

### 9.12 മാധ്യമ ശിൽപ്പശാല

തിരുവനന്തപുരം ജില്ല ഇൻഫർമേഷൻ ഓഫീസ്, കേസരി സ്മാരക ജേർണ ലിസ്റ്റ് ട്രസ്റ്റ് എന്നിവയുമായി ചേർന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

മാധ്യമപ്രവർത്തകർക്കായി ഏകദിന ബോധവത്കരണ ശിൽപ്പശാല സംഘടിപ്പിച്ചു. 2018 ആഗസ്റ്റ് മൂന്നിന് തിരുവനന്തപുരം കേസരി സ്മാരക ട്രസ്റ്റ് ഹാളിൽ ഏഷ്യാനെറ്റ് എഡിറ്റർ എം.ജി രാധാകൃഷ്ണൻ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം വനിത - ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി. കെ. കെ ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. മലയാള മനോരമ സീനിയർ റിപ്പോർട്ടർ മഹേഷ് ഗുപ്തൻ, അഡ്വ. ടി. ഗീനാകുമാരി, ജില്ല പ്രൊബേഷൻ ഓഫീസർ ശ്രീ. കെ.കെ സുബൈർ എന്നിവർ സംസാരിച്ചു. വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ശ്രീ. ജാഫർ മാലിക് ഐ.എ.എസ് സ്വാഗതവും കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി ആശാ മോഹൻ നന്ദിയും പറഞ്ഞു.

## 9.13 പോക്സോ ശിൽപ്പശാല

പോക്സോ കേസുകളുടെ റിപ്പോർട്ടിംഗിലും കുട്ടികളുടെ പുനരധിവാസത്തിലും നേരിടുന്ന വെല്ലുവിളികൾ സംബന്ധിച്ച് സംസ്ഥാനത്തെ സ്പെഷ്യൽ ജുവനൈൽ പൊലീസ് യൂണിറ്റ്, ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ, ചൈൽഡ് ലൈൻ കോ-ഓഡിനേറ്റർമാർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി അദ്ധ്യക്ഷന്മാർ എന്നിവർക്കായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തിരുവനന്തപുരത്ത് ശിൽപ്പശാല സംഘടിപ്പിച്ചു. 2018 മെയ് 25 ന് ഗസ്റ്റ് ഹൗസിൽ നടന്ന ശിൽപ്പശാല പൊലീസ് ഡയറക്ടർ ജനറൽ ലോക്നാഥ് ബഹ്റ ഉദ്ഘാടനം ചെയ്തു.

## 9.14 പ്രളയ ദുരിതത്തിനിരയായ കുട്ടികളുടെ സംരക്ഷണ - പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ

2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ അകപ്പെട്ട കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ജില്ല കളക്ടറുടെയും ജില്ല പഞ്ചായത്ത് പ്രസിഡന്റിന്റെയും നേതൃത്വത്തിലുള്ള ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ (DCPC)മേൽനോട്ടത്തിൽ നിർവ്വഹിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിർദ്ദേശിച്ചു. ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി ഉൾപ്പെടെ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ സർക്കാർ - സർക്കാരിതര ഏജൻസികളുടെ പ്രവർത്തനം ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിഏകോപിപ്പിക്കുന്നതിന് നിർദ്ദേശം നൽകി.

പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന കുട്ടികൾ 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമത്തിലെ വകുപ്പ് 2(14) പ്രകാരം ശ്രദ്ധയും

സംരക്ഷണവും ആവശ്യമുള്ളവരാണെന്നതിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ മുൻകൈയെടുത്തത്.

ബന്ധുക്കളെ പിരിഞ്ഞ് ദുരിതാശ്വാസ ക്യാമ്പുകളിൽ ഒറ്റപ്പെട്ട കുട്ടികളെ വീടിനടുത്തുള്ള അംഗീകൃത ശിശുസംരക്ഷണ കേന്ദ്രത്തിലേയ്ക്ക് മാറ്റണമെന്ന് കമ്മീഷൻ നിർദേശിച്ചു. ജില്ലാശിശുസംരക്ഷണ ആഫീസിന്റെ കൗൺസലിംഗോടെ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വേണം ഇങ്ങനെ മാറ്റേണ്ടത്.

ക്യാമ്പിലെ ഭൗതികസാഹചര്യം കുട്ടിയുടെ സംരക്ഷണത്തിന് അനുകൂല മല്ലെന്നു കണ്ടാൽ കുട്ടിയെ രക്ഷിതാക്കളുടെ അനുവാദത്തോടെ ജില്ലാ ശിശുസംര ക്ഷണ ആഫീസറുടെയും ചൈൽഡ്വെൽഫെയർ കമ്മറ്റിയുടെയും നിർദ്ദേശ പ്രകാരംസ്ഥാപനങ്ങളിലേയ്ക്ക് മാറ്റണമെന്നും നിർദ്ദേശിച്ചു.അത്തരം സേവന സ ഹായങ്ങളെസംബന്ധിച്ച് ക്യാമ്പുകളിൽ ബോധവൽക്കരണംനടത്തണം.

ക്യാമ്പിൽ നിന്നും വീട്ടിലേക്ക് തിരിച്ചുപോകുന്ന അവസരത്തിൽ വീട് വൃത്തിയാക്കുകയും വാസയോഗ്യമാക്കുകയും ചെയ്യുന്നതുവരെ കുട്ടികളെ താൽക്കാലികമായി വീടിനടുത്തുള്ള ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിപ്പിക്കണം. ഈ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ശിശുസംരക്ഷണ ആഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ബാലസംരക്ഷണ സമിതിഎന്നിവർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവായി.

കമ്മീഷൻ നേരിട്ടു നടത്തിയ പ്രവർത്തനങ്ങളുടെയും സർക്കാർ-സർക്കാരിതര സന്നദ്ധ സംഘടനകൾ സമർപ്പിച്ചിട്ടുള്ള പ്രവർത്തന റിപ്പോർട്ടിന്റെയും അടിസ്ഥാന ത്തിൽ സെപ്തംബർ ഏഴിന് ബന്ധപ്പെട്ട എല്ലാവരെയും വിളിച്ചുകൂട്ടി കമ്മീഷൻ തിരുവനന്തപുരത്ത് കൂടിയാലോചന നടത്തി. സ്കൂളുകൾ ഇതിനാവശ്യമായ വിവരങ്ങൾ ജില്ല ശിശുസംരക്ഷണ ഓഫീസർമാർക്ക് അടിയന്തരമായി ലഭ്യമാക്കണം. ആഗസ്റ്റ് 29 മുതൽ സെപ്തംബർ മൂന്നു വരെ സ്കൂളിൽ ഹാജരാകാത്ത കുട്ടികളുടെ വിവരങ്ങളോടൊപ്പം ഹാജരായ കുട്ടികളുടെ സ്ഥിതിയും ജില്ല വിദ്യാഭ്യാസ ഓഫീസർമാരുടെ സഹായത്തോടെ നൽകേണ്ടതാണെന്നും ആവശ്യപ്പെട്ടു.

ഒരു കുട്ടിയെ വിവിധ ഏജൻസികൾ കൗൺസലിംഗ് ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കുട്ടിയിലൂടെ കുടുംബത്തിലെ സാഹചര്യം മനസ്സിലാക്കി എന്ത് പിന്തുണയാണ് സർക്കാർപദ്ധതികളിലൂടെ നൽകേണ്ടതെന്നതിന്റെ രൂപരേഖ

തയാറാക്കുന്നതിനും പ്രവർത്തനങ്ങളുടെ ഏകോപനവും കൂടിയാലോചനയും സഹായകമാകുമെന്ന് കമ്മീഷൻ വ്യക്തമാക്കി.

ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ വ്യക്തിഗതമായി മനസ്സിലാക്കുന്നതിന് വിദ്യാലയങ്ങളിൽ കൗൺസലിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും കുട്ടികളിൽ സൈക്കോ സോഷ്യൽ ഇടപെടലുകൾ നടത്തുന്നതിന് ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതാണെന്നും നിർദേശിച്ചു. ഇതിനായി എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ പ്രത്യേകം നിർദേശം നൽകണം. സ്കൂൾ വൃത്തിയാക്കുന്നതിനിടെ കുട്ടികൾക്ക് രോഗങ്ങളോ പകർച്ചവ്യാധികളോ ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്താൻ മുൻകരുതൽ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

### ഒറ്റപ്പെട്ട കുട്ടികളെ ശിശുസംരക്ഷണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റാൻ നിർദേശം നൽകി

പ്രകൃതി ദുരന്തത്തിനിരയായതും മാതാപിതാക്കൾ ഒപ്പമില്ലാത്തതുമായ കുട്ടികളെ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശിശു സംരക്ഷണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റേണ്ടതാണെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജുവനൈൽ പൊലീസ് യൂണിറ്റ്, ചൈൽഡ് ലൈൻ തുടങ്ങി ബന്ധപ്പെട്ടവർ ഇത്തരം കുട്ടികളുടെ കാര്യത്തിൽ അതീവ ജാഗ്രത പുലർത്തി നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ വ്യക്തമാക്കി.

ഇതിനായി സംസ്ഥാന തലത്തിൽ വിവിധ ക്യാമ്പുകളിൽ കഴിയുന്ന എല്ലാ കുട്ടികളുടെയും വിവരശേഖരണം നടത്തി ജില്ല ശിശു സംരക്ഷണ ഓഫീസർ സൂക്ഷിക്കേണ്ടതാണ്. വനിത-ശിശു വികസന വകുപ്പിനു കീഴിൽ എംപാനൽ ചെയ്തിട്ടുള്ള കൗൺസലർമാരുടെ സേവനം ആവശ്യമെങ്കിൽ ഇതിനായി ഉപയോഗിക്കാം. പ്രകൃതി ദുരന്തത്തിനിരയായ കുട്ടികൾ ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളവരാണെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷന്റെ ഉത്തരവ്.

### ആലപ്പുഴയിൽ കമ്മീഷൻ 29 കേന്ദ്രങ്ങൾ തുറന്നു

ആലപ്പുഴ ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നിയന്ത്രണത്തിൽ 29 കേന്ദ്രങ്ങൾ ആരംഭിച്ചു. കൈക്കുഞ്ഞങ്ങളുള്ള അമ്മമാരെ ആലപ്പുഴയിലെ മഹിളാമന്ദിരത്തിൽ താമസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു.

### കുട്ടികളെ ആശ്വസിപ്പിക്കാൻതാരങ്ങൾ

പത്തനംതിട്ടയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികൾക്കും മുതിർന്നവർക്കും ആശ്വാസമേകാൻ കമ്മീഷൻ ചലച്ചിത്രതാരങ്ങളുമായി എത്തിയത് കുട്ടികൾക്ക് ആവേശമായി. മഞ്ജു വാര്യർ പന്തളത്ത് ദുരിതാശ്വാസ ക്യാമ്പിൽ എത്തിയപ്പോൾ ദുരിതം മറന്ന് ആളുകൾ ചുറ്റും കൂടി. താരങ്ങളായ റിമ കല്ലിങ്കൽ, രമ്യ നമ്പീശൻ, പാർവതി, ദർശന രാജേന്ദ്രൻ, റോഷൻ മാത്യു, സിദ്ധാർത്ഥ് ശിവ എന്നിവർ ജില്ലയിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.വള്ളന ടികെഎംഎംആർ സ്കൂൾ, കോഴഞ്ചേരി എംജിഎം ആഡിറ്റോറിയം, തിരുവല്ല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ താരങ്ങൾ സന്ദർശിച്ചു. വീണ ജോർജ് എംഎൽഎ അനുഗമിച്ചു.

### പ്രളയബാധിത പ്രദേശങ്ങളിൽ സ്കൂൾ യൂണിഫോം നിർബന്ധമാക്കരുതെന്ന് നിർദേശിച്ചു

ഓണം അവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കുമ്പോൾ പ്രളയദുരിത ബാധിത പ്രദേശങ്ങളിൽ യൂണിഫോം ധരിച്ചെത്താൻ കുട്ടികളെ നിർബന്ധിക്കരുതെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിർദേശിച്ചു. പലരുടെയും പുസ്തകങ്ങളും നോട്ടുബുക്കുകളും വസ്ത്രങ്ങളും ഉൾപ്പെടെ സർവതും നഷ്ടപ്പെട്ട സാഹചര്യത്തിൽ ഇവ ക്ലാസിൽ കൊണ്ടുവരാൻ കഴിയാത്തതിന്റെ പേരിൽ ഒരുതരത്തിലുള്ള നടപടിയും കുട്ടികളുടെ മേൽ സ്വീകരിക്കാൻ പാടില്ല.

സ്കൂളിലെത്തുന്ന ഏതെങ്കിലും കുട്ടിക്ക് പ്രത്യേകം സഹായമോ പരിഗണനയോ ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം ഉടനെ അധികൃതർ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദേശിച്ചു.

## 10. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ

2005-ലെ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ കമ്മീഷനിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് ലഭിച്ച 148 അപേക്ഷകൾ സമയബന്ധിതമായി പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## 11. ബഡ്ജറ്റും ധനകാര്യവും

കമ്മീഷന്റെ 2018-19 വർഷത്തെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതവും ചെലവും | | | |
|---|---|---|---|
| നമ്പർ | വിഹിതം/ചെലവ് | ബഡ്ജറ്റ് വിഹിതം | ചെലവ് |
| (എ) | 2235-02-102-53 | | |
| | 01- ശമ്പളം | | |
| | 1. ശമ്പളം | 1,70,64,000 | 1,77,21,193 |
| | 2. ക്ഷാമബത്ത | 84,65,000 | 22,27,312 |
| | 3. വീട്ടുവാടക അലവൻസ് | 8,07,000 | 1,48,083 |
| | 4. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 2,88,000 | 1,200 |
| | 5. മറ്റു അലവൻസുകൾ | 2,40,000 | 83,271 |
| (ബി) | 02-വേതനം | | |
| | 4. നിശ്ചിത വേതനം | 4,83,000 | 3,17,334 |
| | 5. ദിവസവേതനം | 4,13,000 | 5,93,644 |
| (സി) | 04-യാത്രാ ചെലവുകൾ | | |
| | 1. യാത്രാ ബത്ത | 3,15,000 | 2,10,062 |
| | 2. സ്ഥലംമാറ്റ ബത്ത | 50,000 | 0 |
| | 3. അവധി യാത്രാനുകൂല്യം | 50,000 | 0 |
| (ഡി) | 05 - ഓഫീസ് ചെലവുകൾ | | |
| | 1. വെള്ളക്കരം | 1,36,000 | 10,586 |
| | 2. വൈദ്യുതി ചെലവ് | 5,77,000 | 2,19,520 |
| | 3. ടെലിഫോൺ ചെലവ് | 3,36,000 | 1,41,896 |
| | 4. മറ്റിനങ്ങൾ | 20,47,000 | 13,14,920 |
| (ഇ) | 06 - വാടക, കരം, നികുതി | 13,00,000 | 11,87,352 |
| | 2235-02-102-53-45 പി.ഒ.എൽ | 1,26,000 | 78,000 |
| | 2235-02-102-53-21 സംരക്ഷണവും അറ്റകുറ്റപ്പണികളും | 60,000 | 38,674 |
| (എഫ്) | 34 - മറ്റു ചെലവുകൾ | | |
| 97-വാഹനവാടക | | 5,00,000 | 4,55,485 |
| പ്ലാൻ - ബഡ്ജറ്റ് അലോക്കേഷൻ | | | |
| 2235-02-102-53-34 മറ്റ് ചെലവുകൾ | | 1,30,00,000 | 87,09,487 |
| 2235-02-102-53-97 വാഹനവാടക | | 20,00,000 | 7,25,635 |
| ആകെ | | 1,50,00,000 | 94,35,122 |

ആകെ ബഡ്ജറ്റ് വിഹിതം - 1,50,00,000

അധിക തുക അനുവദിച്ചത് - 3,37,07,000

ആകെ തുക - 4,87,07,000

ആകെ ചെലവ് - 3,41,83,654

റിപ്പോർട്ട് കാലയളവിൽ കുട്ടികളുടെ ഉത്തമതാല്പര്യം മുൻനിർത്തി ബാലാവകാശ സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തുടർവർഷത്തിലും കാര്യക്ഷമവും ശക്തവുമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസവും പ്രതീക്ഷയുമാണ് കമ്മീഷനുള്ളത്.

(ഒപ്പ്)
**ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**ശ്രീല മേനോൻ എൻ.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**കെ. നസീർ**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**ഡോ. എം.പി. ആന്റണി**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**സി.ജെ. ആന്റണി**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**സി. ബിജി ജോസ് സി.എം.സി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**പി. സുരേഷ്**
**ചെയർപേഴ്സൺ**

# അനുബന്ധം- 1

## റിപ്പോർട്ട് കാലയളവിലെ (2018-19) കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും പേരുവിവരം

| | | |
|---|---|---|
| 1. | ശ്രീ. സി.ജെ. ആന്റണി | - ആക്റ്റിംഗ് ചെയർപേഴ്സൺ<br>(06-03-2018 മുതൽ 30-09-2018) |
| 2. | ശ്രീ. പി. സുരേഷ് | - ചെയർപേഴ്സൺ (01-10-2018 മുതൽ) |
| 3. | ശ്രീമതി. ശ്രീല മേനോൻ എൻ. | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |
| 4. | ഡോ. എം.പി. ആന്റണി | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |
| 5. | ശ്രീ. സി.ജെ. ആന്റണി | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |
| 6. | സിസ്റ്റർ ബിജി ജോസ് സി.എം.സി. | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |

# അനുബന്ധം - 2

## റിപ്പോർട്ട് കാലയളവിലെ (2018-19) കമ്മീഷൻ സെക്രട്ടറിയുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും പേരുവിവരം

**കമ്മീഷൻ സെക്രട്ടറി**

**ശ്രീമതി അനിത ദാമോദരൻ** (29-07-2017 മുതൽ)

**കമ്മീഷൻ രജിസ്ട്രാർ**

**ശ്രീ. കെ.ആർ. പ്രസന്നൻ** (19-07-2017 മുതൽ)

**മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും**

1. ശ്രീമതി കെ.എസ്. സുധ - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (17-05-2017 മുതൽ 08-08-2018 വരെ)
2. ശ്രീമതി ജെസ്സി ജോർജ്ജ് - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (18-08-2018 മുതൽ)
3. ശ്രീ. രാധാകൃഷ്ണൻ നായർ ഡി.- ഫിനാൻസ് ഓഫീസർ (01-01-2018 മുതൽ)
4. ശ്രീ. ആർ. വേണുഗോപാൽ - പബ്ലിക് റിലേഷൻസ് ഓഫീസർ (04-12-2017 മുതൽ)
5. ശ്രീമതി സുജിതകുമാരി എസ്.എസ്.- സെക്ഷൻ ഓഫീസർ, ഭരണവിഭാഗം
6. ശ്രീമതി ലാലി കെ. -സെക്ഷൻ ഓഫീസർ, ജനറൽ (13-10-2017 മുതൽ 11-06-2018 വരെ)
7. ശ്രീ. റോയിച്ചൻ തോമസ് -സെക്ഷൻ ഓഫീസർ, ജനറൽ (11-07-2018 മുതൽ)
8. ശ്രീ. ആകാശ് രവി - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-1 (05-05-2017 മുതൽ)
9. ശ്രീ. രഘുറാം ജി. - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (13-10-2017 മുതൽ 12-10-2018 വരെ)
10. ശ്രീമതി ലിൻഡ ഫ്ളച്ചർ - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (23-11-2018 മുതൽ)
11. ശ്രീ. ജയ്നാഥ് റാംജി ആദിത്യ - ലീഗൽ അസിസ്റ്റന്റ്-1 (22-02-2018 മുതൽ 31-07-2018 വരെ)
12. ശ്രീ. രഞ്ജിത്ത് കുമാർ എസ്. - ലീഗൽ അസിസ്റ്റന്റ്-1 (13-11-2018 മുതൽ)
13. ശ്രീ. ശരത് എ.എസ്. - ലീഗൽ അസിസ്റ്റന്റ്-2 (22-02-2018 മുതൽ 21-02-2019 വരെ)
14. ശ്രീ. വി.എസ്. വെങ്കിടേഷ് -അക്കൗണ്ടന്റ്

| | |
|---|---|
| 15. ശ്രീ. ജി. അരുൺകുമാർ | -ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി1) |
| | (09-01-2014 മുതൽ 08-01-2019 വരെ) |
| 16. ശ്രീമതി നിഷ വൈ. | - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി2) |
| 17. ശ്രീ. എസ്.എൽ. വിജയകുമാർ | -ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ1) |
| 18. ശ്രീ. പി. പത്മകുമാർ | -ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ2) |
| 19. ശ്രീമതി ശ്രീലേഖ സി.കെ. | -ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ3) |
| | (13-01-2014 മുതൽ 08-01-2019 വരെ) |
| 20. ശ്രീ. ബിജു വി.ആർ. | -ഓഫീസ് അറ്റൻഡന്റ് |
| 21. ശ്രീ. അജിത്ത് എസ്. | -ഓഫീസ് അറ്റൻഡന്റ് |
| | (01-09-2016 മുതൽ 31-08-2018 വരെ) |
| 22. ശ്രീ. രജീഷ് ജെ.ബി. | - ഓഫീസ് അറ്റൻഡന്റ് (22-06-2017 മുതൽ) |
| 23. ശ്രീമതി ലീന എസ്. രാജ് | - ഓഫീസ് അറ്റൻഡന്റ് (05-01-2019 മുതൽ) |
| 24. ശ്രീമതി സൈഫുന്നിസ | - പാർട്ട്-ടൈം-സ്വീപ്പർ |

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ,

തിരുവനന്തപുരം - 695 034 ഫോൺ: **0471 – 2326603,** ഫാക്സ്: **0471- 2326603**

ഇ-മെയിൽ: **childrights.cpcr@kerala.gov.in** വെബ്: **www.kescpcr.kerala.gov.in**

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala